**(ചർച്ച)**

ശ്രീ. എസ്. ശർമ്മ : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുകയാണ്. നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടനയുടെ ഹൃദയഭാഗമെന്ന് കണക്കാക്കാൻ കഴിയുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു മേഖലയാണ് വ്യവസായമേഖല. പുത്തൻ സാമ്പത്തിക നയങ്ങളുടെ ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് ഇരയായിത്തീരുകയും രാജ്യത്തിന്റെ വ്യവസായമേഖലയെ തകർച്ചയിലേയ്ക്ക് തള്ളിവിടുകയും ചെയ്യുന്ന അസാധാരണമായ ഒരു സാഹചര്യം രാജ്യത്ത് വളർന്നുവന്നിരിക്കുകയാണ്. ഇത് എന്റെ വ്യക്തിപരമായ അഭിപ്രായമല്ല. ഈ കഴിഞ്ഞ 12-ാം തീയതി കേന്ദ്ര സർക്കാർ പുറത്തുവിട്ട ഉൽപ്പാദന സൂചികയിൽ രാജ്യത്തിന്റെ വ്യാവസായിക ഉൽപ്പാദന സൂചിക പൂജ്യത്തിനു താഴെ എന്നുള്ള വിശദീകരണമാണ് കൊടുത്തിരിക്കുന്നത്. ഇന്ത്യയിൽ വ്യാവസായിക ഉൽപ്പാദന സൂചിക പൂജ്യത്തിനു താഴെ വരുന്നത് ചരിത്രത്തിലാദ്യമായാണ്. ഇത്തരം ഗുരുതരവും അസാധാരണവുമായ സാഹചര്യം ഉണ്ടായതിനുള്ള കാരണം മറ്റൊന്നുമല്ല. പുത്തൻ സാമ്പത്തിക പരിഷ്ക്കാരങ്ങൾക്കുള്ള ഇരയായി ഭാരതത്തെ ആയുധമാക്കുന്നതിന് കേന്ദ്രഗവൺമെന്റ് നയം ആവിഷ്ക്കരിക്കുന്നു, ആ നയത്തെ സംസ്ഥാന ഗവൺമെന്റ് ന്യായീകരിക്കുകയും ചെയ്യുന്നതുകൊണ്ടാണ്. രാജ്യത്തിന്റെ ഉൽപ്പാദന രംഗത്തെ മുന്നേറ്റത്തെ സൂചിപ്പിക്കുന്ന കേന്ദ്ര ഗവൺമെന്റ് പുറത്തുവിട്ടിട്ടുള്ള വിവരമാണ്. വ്യാവസായിക

ഉൽപ്പാദന സൂചിക അഞ്ചുവർഷത്തിനിടയിൽ ഏറ്റവും താഴ്ന്ന നിലയിൽ എത്തിയിരിക്കുന്നു. മാർച്ചിലെ വ്യാവസായിക ഉൽപ്പാദന സൂചിക 3.5% എന്ന നിലയിലാണ്. അതെ അവസരത്തിൽ അതിനു മുമ്പത്തെ മാർച്ചിൽ ഉൽപ്പാദന സൂചിക 9.4% ആയിരുന്നു. 9.4% സ്ഥാനത്താണ് 3.5%ലേയ്ക്ക് കുറഞ്ഞത്. മൊത്തം സൂചിക നോക്കുമ്പോൾ പൂജ്യത്തിന് താഴെ വരികയാണ്. പൂജ്യത്തിന് താഴെ അക്കമില്ല. ആ വിധത്തിലാണ് രാജ്യത്തിന്റെ വ്യാവസായികസ്ഥിതി വന്നിരിക്കുന്നത്. ഉത്പാദന മേഖലയിലെ സൂചിക. 4.1 ശതമാനമായിരുന്നത് ഫെബ്രുവരി മാസമായപ്പോൾ നെഗറ്റീവായിത്തീർന്നു. മാർച്ചിലെ ഉത്പാദന സൂചികയുമായി താരതമ്യം ചെയ്യുമ്പോൾ 1.5 ശതമായിരുന്നു. പൊതുവിലയിരുത്തൽ അടിസ്ഥാനമാക്കി പുറത്തുവന്ന സൂചിക നെഗറ്റീവ് നിലയിലേയ്ക്കാണ് താഴ്ന്നിരിക്കുന്നതെന്നും കേന്ദ്ര ഗവൺമെന്റിന്റെ ഇക്കണോമിക് സർവ്വേ വ്യക്തമാക്കുന്നു. മൂലധന ഉത്പന്നം, ഖനനം, ഉത്പാദനം തുടങ്ങിയ മേഖലകളിൽ കനത്ത തിരിച്ചടിയാണ് ഉണ്ടായിട്ടുള്ളതെന്ന് ഈ കണക്കുകൾ സൂചിപ്പിക്കുന്നു. മൂലധന ഉത്പന്നമേഖലയിൽ 21 ശതമാനം ഖനവ്യവസായം, രാജ്യത്തിന്റെ അടിസ്ഥാന വ്യവസായം എന്ന നിലയിലാണ് കണക്കാക്കുന്നത്. സൂചികയുടെ 75 ശതമാനവും ഉത്പാദനമേഖലയെ പ്രതിനിധീകരിക്കുന്നു. ഇതോടെ ഇന്ത്യയിലെ വ്യാവസായികമേഖലയെ പിടിച്ചുനിറുത്താൻ കഴിയുന്ന മാർഗ്ഗമായി, റിസർവ്വ് ബാങ്ക് പലിശ നിരക്ക് കുറ

യ്ക്കണമെന്ന നിലയിലേയ്ക്ക് ചിന്തിക്കുന്നു എന്നുള്ളതും ഈ സൂചികയുടെ ഭാഗമായി പുറത്തുവന്നിട്ടുണ്ട്. ഇത് നമ്മുടെ രാജ്യത്തിന്റെ കയറ്റുമതി മേഖലയെ തളർത്തിയിരിക്കുകയാണ്. ഏഷ്യൻ രാജ്യങ്ങളിൽ ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ തിക്തഫലങ്ങൾ ഒരു ഭാഗത്ത് അനുഭവിക്കുമ്പോൾ കടുത്ത ആഘാതത്തിൽ ഇന്ത്യയിലെ വ്യാവസായിക മേഖല തകർച്ചയിലേയ്ക്ക് നീങ്ങുകയും ചെയ്യുന്നു. ഇത്തരമൊരു സാഹചര്യം ഒരു ദിവസംകൊണ്ട് രൂപപ്പെട്ട് വന്നതല്ല. 1990 കൾക്കു ശേഷം രൂപപ്പെട്ടുവന്ന പ്രത്യേക സാഹചര്യത്തിന്റെ ഒരു പരിണാമമാണ് ഈ നിലയിലേയ്ക്ക്, പതനത്തിലേയ്ക്ക് എത്തിയിട്ടുള്ളത്. 90-കൾക്കു ശേഷം രൂപപ്പെട്ടുവന്ന സാമ്പത്തിക പ്രതിസന്ധിയുടേയും വ്യാവസായിക തകർച്ചയുടേയും പശ്ചാത്തലത്തിൽ ഇതിൽനിന്നും വ്യത്യസ്ഥമായ ഒരു നയം നടപ്പാക്കുക എന്ന കാഴ്ചപ്പാടായിരുന്നു എൽ.ഡി.എഫ് ഗവൺമെന്റ് അധികാരത്തിലിരുന്ന സന്ദർഭത്തിൽ നടപ്പാക്കിയത്. ഇതിന്റെ ഭാഗമായി 2010-11 -ൽ കേരളത്തിൽ ലാഭത്തിലുണ്ടായിരുന്ന വ്യവസായ സ്ഥാപനങ്ങളുടെ എണ്ണം 31 ആയിരുന്നു. കണക്കുകളിൽ ചില വ്യത്യാസം ഉണ്ടെന്നും ആ കണക്കുകൾ തിരുത്താൻ ചില നീക്കങ്ങൾ ഗവൺമെന്റ് നടത്തുന്നതായും മാധ്യമങ്ങളിലൂടെ വാർത്തകൾ വരികയുണ്ടായി. ഞാനതിലേയ്ക്ക് കടക്കുന്നില്ല. മൊത്തം 38 വ്യവസായസ്ഥാപനങ്ങളുള്ളതിൽ കേരള സിറാമിക്സ് ലിമിറ്റഡ്,

യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ്, ഹാൻഡ്ലൂം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, കേരള ഓട്ടോമൊബൈൽസ് തുടങ്ങി 7 വ്യവസായ സ്ഥാപനങ്ങളാണ് നഷ്ടത്തിലുണ്ടായിരുന്നത്. ആകെ പൊതുമേഖലയുടെ വിറ്റുവരവ് 2304.42 കോടി ആയിരുന്നു. സർക്കാരിന് 30 കോടി രൂപയാണ് ലാഭവിഹിതമായി ലഭിച്ചിരുന്നു. കഴിഞ്ഞ ദശകങ്ങളിലെ പ്രതികൂല സാഹചര്യങ്ങളുടെ നടുവിൽ ഒരു തുരുത്തുപോലെ ഒരു ബദൽ നയത്തിന്റെ പശ്ചാത്തലത്തിൽ 31 വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിലേയ്ക്ക് കൊണ്ടുവരാൻ എൽ.ഡി.എഫ് ഗവൺമെന്റിന് കഴിഞ്ഞു എന്നുള്ളതാണ്. ഒരു ഭാഗത്ത് പോരാട്ടത്തിലൂടെ എതിർക്കുമ്പോൾ മറുഭാഗത്ത് പരിമിതമായ അധികാരങ്ങളുപയോഗിച്ച് എപ്രകാരം മുമ്പോട്ട് പോകാൻ കഴിയുമെന്നുള്ളതിന്റെ സൂചനയായി എൽ.ഡി.എഫ് ഗവൺമെന്റിന്റെ നയത്തെ കണക്കാക്കാം. ഇപ്പോൾ ഈ ഗവൺമെന്റ് വന്നതിനുശേഷം ലാഭത്തിലുള്ള സ്ഥാപനങ്ങൾ 31 എണ്ണം ആയിരുന്നതിന്റെ സ്ഥാനത്ത് 18 എണ്ണമായി കുറഞ്ഞിരിക്കുന്നു എന്ന് കണക്കുകൾ വന്നിട്ടുണ്ട്. അത് ശരിയോ തെറ്റോ എന്ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി വിശദീകരിക്കുമ്പോൾ വ്യക്തമാകുകയും ചെയ്യും. എൽ.ഡി.എഫ്-ന്റെ കാലത്ത് 7 എണ്ണം നഷ്ടത്തിലായിരുന്നത് ഇപ്പോൾ 20 എണ്ണം എന്ന നിലയിലേയ്ക്ക് വന്നിരിക്കുകയാണ്. ആ സ്ഥാപനങ്ങളുടെ പേര് ഞാൻ വിശദീ

കരിക്കുന്നില്ല. അപ്പോൾ യു.ഡി.എഫ് ഗവൺമെന്റ് ആഗോള സാമ്പത്തിക പരിഷ്കാരങ്ങളെ അംഗീകരിച്ച് നടപ്പാക്കിയതിന്റെ ഫലമായി, 2005-ൽ, യു.ഡി.എഫ്-ന്റെ കാലത്ത് ഒരു പ്രത്യേക സമിതി പഠനം നടത്തി വ്യവസായ സ്ഥാപനങ്ങൾ സ്വകാര്യവത്ക്കരിക്കുന്നതിനുള്ള പ്രക്രിയയ്ക്ക് രൂപം കൊടുത്തു. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഇരയായിരുന്നു ടെൽക്. സീമെൻസ് ജെർമ്മനി എന്നു പറയുന്ന ബഹുരാഷ്ട്ര കുത്തകകൾക്ക് ടെൽക്-ന്റെ സ്ഥലം വിറ്റുകൊണ്ട് അന്നത്തെ യു.ഡി. എഫ് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചു. സാമ്പത്തിക പരിഷ്കാരം നടപ്പാക്കുന്നതിന്റെ ഭാഗമായി കേരളത്തിന്റെ അഭിമാനമായ ടെൽക്-ന്റെ സ്ഥലം സീമെൻസ് ജെർമ്മനി എന്ന ബഹുരാഷ്ട്ര കമ്പനിക്ക് വിറ്റുകൊണ്ട്, കൈമാറ്റം ചെയ്തുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചു. അതിനെതിരായി കേരളത്തിൽ അതിശക്തമായ പോരാട്ടം ഉയർന്നുവന്നു. എൽ..ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ സീമെൻസ് ജെർമ്മനിക്ക് കൊടുത്ത ഉത്തരവ് പിൻവലിച്ചു. തുടർന്ന് ഗവൺമെന്റ് ഏറ്റെടുത്തു. ഇന്ന് ഇന്ത്യയിലെ ഏറ്റവും മാതൃകാസ്ഥാപനങ്ങളിലൊന്നായി ടെൽക് വളർന്നു. നവരത്ന സ്ഥാപനമായ എൻ.റ്റി.പി.സി-യുമായി ടൈ-അപ്പ്-ൽ ആയി. കേന്ദ്ര എൻ.റ്റി.പിസി- യും സംസ്ഥാന ടെൽക്-ഉം തമ്മിൽ സംയുക്ത സംരംഭമായി വളർന്ന് ഇന്ന് ഒരു മാതൃകാസ്ഥാപനമായി മാറുകയും ചെയ്തു. അപ്പോൾ ഒരു സ്ഥാപനം രണ്ട് നയം - ഇരുട്ടും പകലുംപോലെ ഇക്കാര്യത്തിൽ പ്രകടമായിട്ടുള്ള

വ്യത്യാസം നമുക്ക് കാണാൻ കഴിയും. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മറ്റൊരു രൂപത്തിൽ രാഷ്ട്രീയ വിമർശനങ്ങൾക്ക് വിധേയമായ ഒന്നായിരുന്നു സ്മാർട്ട്സിറ്റി. എല്ലാ കൊല്ലവും ബഹുമാന്യനായ മന്ത്രി ശ്രീ. കെ. ബാബുവും, ശ്രീ. ബെന്നി ബെഹനാനും അവിടെപോയി റീത്ത് വയ്ക്കാറുണ്ടായിരുന്നു. പക്ഷേ ഈ വർഷം അങ്ങനെയൊരു റീത്ത് അവിടെ കണ്ടില്ല. ഇപ്പോൾ അവിടെ ഒരു റീത്ത് വയ്ക്കണമെങ്കിൽ മലർന്നുകിടന്ന് ദേഹത്ത് വയ്ക്കേണ്ടിവരും. ആ അവസ്ഥയിലാണ്. വേറൊന്നും കൊണ്ടല്ല, സ്മാർട്ട്സിറ്റിയുടെ കാര്യത്തിലും എൽ.ഡി.എഫ്-യു.ഡി.എഫ് നയത്തിന്റെ വ്യത്യാസം കാണാം. ഞങ്ങൾ എൽ.ഡി.എഫ് ഗവൺമെന്റ് വരുമ്പോൾ സ്മാർട്ട് സിറ്റി-ക്ക് കരട് കരാറു ണ്ടായിരുന്നു. ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ 2005-06 -ലെ ഡ്രാഫ്റ്റ് കരാറിൽ ഏറ്റവും പ്രധാനമായി ഉണ്ടായിരുന്നത് ടീകോം കമ്പിക്ക് ഇൻഫോപാർക്ക് വിട്ടുകൊടുക്കുക, എറണാകുളം ജില്ലയിൽ മറ്റ് ഐ.റ്റി സ്ഥാപനങ്ങളൊന്നും പാടില്ല, പത്ത് വർഷംകൊണ്ട് 33000 പേർക്ക് ജോലി. അതായിരുന്നു. നിലവിലുള്ള ഇൻഫോപാർക്ക് വിട്ടുകൊ ടുക്കുക, മറ്റൊരു ഐ.ടി സ്ഥാപനം അവിടെ വരാതിരിക്കുക, ഇതായി രുന്നു കരാർ. ഈ കരാറിനെ ഞങ്ങൾ അന്നേ എതിർത്തിരുന്നു. ഗവൺമെന്റ് വന്നതിനുശേഷം കരാർ പുതുക്കി. തർക്കങ്ങളുണ്ടായി. തർക്കങ്ങൾ നീണ്ടുപോയി. പക്ഷേ ഇൻഫോപാർക്ക് വിട്ടുകൊടുക്കാതെ സ്മാർട്ട്സിറ്റി കൊണ്ടുവരിക എന്ന കാര്യത്തിൽ ഉറപ്പുവരുത്തുവാൻ

എൽ.ഡി.എഫ് ഗവൺമെന്റിന് കഴിഞ്ഞു. ഇൻഫോപാർക്ക് വിട്ടുകൊടു ത്തില്ല, മറ്റേതൊരു ഐ.റ്റി സംരംഭത്തിനും ആ ജില്ലയിൽ വരാം എന്ന വിധത്തിൽ കരാർ പുന:പരിശോധനയ്ക്ക് വിധേയമാക്കി. സ്മാർട്ട്സിറ്റി യിലൂടെ പത്ത് വർഷംകൊണ്ട് 33000 പേർക്ക് ജോലിയാണ് യു.ഡി.എഫ് സർക്കാർ കരാറിൽ വിഭാവന ചെയ്തിരുന്നതെങ്കിൽ 93000 പേർക്ക് ജോലി ഉറപ്പാക്കുന്ന കരാറിൽ ഒപ്പുവയ്പിക്കുവാൻ എൽ.ഡി.എഫ്-ന് കഴിഞ്ഞു. യു.ഡി.എഫ്-ന്റെ കാലത്തുള്ള കരാറിൽ ഒരു സ്മാർട്ട്സിറ്റി ആണെങ്കിൽ, എൽ.ഡി.എഫ്-ന്റെ കാലത്ത് മറ്റൊരു കരാറിലേയ്ക്ക് വന്നതിന്റെ ഫലമായി തത്തുല്യമായ മൂന്ന് സ്മാർട്ട്സി റ്റിയ്ക്ക് ഉറപ്പുവരുത്തുവാൻ കഴിയുന്ന വിധത്തിൽ ജോബ് ഓപ്പർച്യൂ ണിറ്റി ഉറപ്പുവരുത്താൻ കഴിഞ്ഞു. ടീകോം ഇക്കാര്യത്തിൽ സ്വീകരിച്ച നിലപാടിൽ വിട്ടുവീഴ്ച ചെയ്യാൻ എൽ.ഡി.എഫ് ഗവൺമെന്റ് തയ്യാ റായി. ആ സന്ദർഭം ഉപയോഗിച്ച് യു.ഡി.എഫ് നേതൃത്വം രാഷ്ട്രീയ മായി റീത്ത് വയ്ക്കാനാണ് നടന്നത്. ഇപ്പോൾ ഒരു പവിലിയൻ അവിടെ നിർമ്മിച്ചു. ഞാൻ ആ ചടങ്ങിൽ പങ്കെടുത്തു. അവിടെ എന്ത് തുടങ്ങുന്ന തിനുമുള്ള നടപടിയുമായി മുന്നോട്ടുപോകുന്നതിനും എൽ.ഡി.എഫ് -ന്റെ പിന്തുണയുണ്ട്. എൽ.ഡി.എഫ്-ന്റെ കാലത്ത് അവിടെ ഒരു ഓഫീസ് വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്നു. പെർമനന്റായ ഒരു കെട്ടിടത്തിലേയ്ക്ക് ആ ഓഫീസിന്റെ പ്രവർത്തനം മാറ്റി എന്നുള്ളത ല്ലാതെ ഇതിൽനിന്നും വ്യത്യസ്ഥമായി എന്തുകൊണ്ട് പ്രോജക്ട്

നിർമ്മാണ പ്രക്രിയയിലേയ്ക്ക് ടീകോം വരുന്നില്ല എന്ന കാര്യം ഗൗരവത രമായി ആലോചിക്കണ്ടേ. ആ പ്രശ്നം പരിഹരിക്കുന്നതിനുപകരം എൽ.ഡി.എഫ്-ന് എതിരായിട്ടുള്ള രാഷ്ട്രീയമായ ആയുധമായാക്കാൻ യു.ഡി.എഫ് ശ്രമിച്ചതുപോലെ, യു.ഡി.എഫ്-ന് എതിരായി ഇപ്പോൾ ഒരു ആയുധമാക്കാൻ എൽ.ഡി.എഫ് ഉദ്ദേശിക്കുന്നില്ല. പദ്ധതി വരിക എന്നുള്ളത് നമ്മുടെ നാടിന്റെ പൊതു താത്പര്യത്തെ അടിസ്ഥാനമാക്കി ക്കൊണ്ടുള്ള പ്രധാനപ്പെട്ട കാര്യമാണ്. ആ നിലയ്ക്ക് കണക്കാക്കു മ്പോൾ യു.ഡി.എഫ് , എൽ.ഡി.എഫ്-നെതിരായി ഉയർത്തിയിരുന്ന വിമർശനങ്ങൾ അടിസ്ഥാനരഹിതമായിരുന്നു എന്ന് സ്ഥാപിക്കപ്പെടു കയും തെളിയുകയും ചെയ്തിരിക്കുകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: യെസ്... പ്ലീസ് കൺക്ലൂഡ്

<u>ശ്രീ. എസ്. ശർമ്മ</u>: കൺക്ലൂഡ് ചെയ്യുകയാണ്. പരമ്പരാഗത വ്യവ സായങ്ങൾ നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാ നപ്പെട്ടതാണ്. കേരളത്തിൽ 25 ലക്ഷം തൊഴിലാളികൾ പണിയെടുക്കുന്ന മേഖലയാണ് കയർ, കൈത്തറി, കശുവണ്ടി, ഖാദി ഉൾപ്പെടെയുള്ള മേഖല. കേരളത്തിലെ ജനസംഖ്യയുടെ മൂന്നിലൊന്ന് വരുന്ന ഈ പര മ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനും അതിന്റെ വൈവി ദ്ധ്യവത്ക്കരണത്തിനുമായി ഒരു കമ്മിറ്റിയെ നിയമിച്ച് ഒരു പഠനത്തിന് വിധേയമാക്കണം. ഖാദി മേഖലയിൽ ഇപ്പോൾ ഒരു കമ്മിറ്റി വന്നു. അതിന്റെ റിപ്പോർട്ട് വന്നിട്ടുണ്ട്. ആ നടപടി സംഘടനകളുമായി ചർച്ച

ചെയ്ത് കേന്ദ്രം മഹാത്മാഗാന്ധിയെ മറന്നു. ഖാദി വ്യവസായത്തിന് റിബേറ്റ് കൊടുക്കണ്ട എന്ന് നിശ്ചയിച്ചു. ഖാദി വ്യവസായത്തിന്റെ സംരക്ഷണത്തിനുവേണ്ട നടപടി സ്വീകരിക്കണം. കയർപിരിക്കുന്ന തൊഴിലാളി ഇന്ന് തീരദേശത്ത് പട്ടിണിയിലാണ്. ഈ സ്ഥിതി തുടർന്നാൽ പട്ടിണി മരണത്തിലേയ്ക്ക് പോകും. കൈത്തറി വ്യവസായം- പുറത്തുനിന്നുള്ള നൂല് കൊണ്ടുവന്ന് കൃത്രിമമായി ബ്രാൻഡ് ചെയ്യുകയാണ്. അത് നമ്മുടെ സത്പ്പേരിന് ദേഷം വരുത്തും. അതുപോലെ കശുവണ്ടി വ്യവസായത്തിലെ ..........

Mr. Deputy Speaker: Mr. Sarma your time is over, please conclude ...........

ശ്രീ. എസ്. ശർമ്മ: ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനും വൈവിദ്ധ്യവത്ക്കരണത്തിനും സത്വര നടപടികൾ സ്വീകരിക്കുക എന്നുള്ളത് ഈ അവസരത്തിൽ ആവശ്യപ്പെടുകയും പെരുമ്പാവൂർ റയോൺസ് ........ പതിനൊന്ന് വർഷമായി ഗവൺമെന്റ് ഒരു ശ്രമം നടത്തുന്നുണ്ട്. ആ ശ്രമത്തിന് എല്ലാ പിന്തുണയുമുണ്ട്. അതിവേഗം നടപടികൾ സ്വീകരിച്ച് പെരുമ്പാവൂർ റയോൺസ് തുറന്ന് പ്രവർത്തിപ്പിക്കാനുള്ള നടപടികൾകൂടി സ്വീകരിക്കാൻ മുൻകയ്യെടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുന്നു.

ശ്രീ. വർക്കല കഹാർ: സർ, ഈ ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുകയാണ്. ബഹുമാന്യനായ എസ്. ശർമ്മ ഇവിടെ തുടങ്ങി വച്ചതുതന്നെ പുത്തൻ സാമ്പത്തിക നയത്തിന്റെ ഫലമായുണ്ടായ കെടു തികളാണ് നമ്മുടെ നാട്ടിൽ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത് എന്നാണ്. ഉദാരവത്ക്കരണവും സ്വകാര്യവത്ക്കരണവും ഡിസ്ഇൻവെസ്റ്റു മെന്റുമൊക്കെയാണ് സ്വീകരിച്ച നയങ്ങൾ. ഈ നാട്ടിലെ കുഴപ്പങ്ങളെല്ലാം ഉണ്ടാക്കിയത് ആ നയങ്ങളായിരുന്നുവെന്നാണ് അദ്ദേഹം പറയുന്നത്. കേരളത്തിലെ ഗവൺമെന്റ് ഈ രംഗത്ത് നടത്തിയ വമ്പിച്ച പരിവർത്തന ത്തേയും മാറ്റത്തേയും കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഞാൻ പറയേണ്ട കാര്യങ്ങൾ പറയുന്നതിനുമുമ്പ് കുറച്ചുകാര്യങ്ങൾ അതിനെ ക്കുറിച്ച് പറയട്ടെ. ആരാണ് കേരളത്തിൽ സ്വകാര്യ പങ്കാളിത്തം ആരം ഭിച്ചത്? 1957-ൽ ഇ.എം.എസിന്റെ കാലത്താണ് ആരംഭിച്ചത്. 1957-ൽ ആയിരുന്നു ആദ്യത്തെ ജോയിന്റ് വെഞ്ചർ പ്രീമിയർ ടയേഴ്സ്. ബിർളയ്ക്ക് ഒരു ടൺ മുള ഒരു രൂപയ്ക്ക് കൊടുത്തത് ആരാണ്? അത് ഇ.എം.എസിന്റെ കാലത്തായിരുന്നു കൊടുത്തിരുന്നത്. എറണാകുളത്ത് കെ.ടി.ഡി.സി. പണി കഴിപ്പിച്ച ഹോട്ടൽ ടാജ് കൈമാറിയത് 1987-ലെ നയനാർ സർക്കാരിന്റെ കാലത്തായിരുന്നു. കോട്ടയം കുമരകത്തെ റിസോർട്ട് ടാജിന് കൈമാറിയതും നയനാർ സർക്കാരിന്റെ കാലത്തായി രുന്നു. വർക്കല ടാജ് റിസോർട്ട് നയനാർ സർക്കാരാണ് സ്വകാര്യമേഖ

ലയ്ക്ക് കൈമാറിയത്. 1987-ൽ ഇതൊക്കെ തുടങ്ങിയിട്ടാണ് 1991-ൽ ഇന്ത്യാഗവൺമെന്റ് വലിയ കുഴപ്പം കാണിച്ചുവെന്ന് പറഞ്ഞ് നിങ്ങൾ തുടങ്ങിയത്. ഈ നയങ്ങൾ ഇന്ത്യ തുടങ്ങുന്നതിനുമുമ്പ് നമ്മുടെ നാട്ടിൽ ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ ആരംഭിച്ചതാണ് മിക്സഡ് ഇക്കോണമി. ആ മാർഗ്ഗമാണ് വിജയകരമെന്ന് തെളിഞ്ഞുകൊണ്ടിരിക്കുന്നത്. ഞങ്ങൾ ആ നയമാണ് ആരംഭിച്ചതും തുടർന്നതും. സ്വകാര്യ മേഖലയേയും സർക്കാർ മേഖലയേയും സംയോജിപ്പിച്ചുകൊണ്ടുള്ള മിക്സഡ് ഇക്കോണമിയാണ് ജവഹർലാൽ നെഹ്റു ഇന്ത്യക്ക് വിഭാവനം ചെയ്ത നയം. ഈ നയം പ്രയോഗത്തിൽ വരുത്തിയത് കോൺഗ്രസ്സുകാരാണ്. സ്വതന്ത്ര ഇന്ത്യയിൽ കേവലം 29 കോടി രൂപ മൂലധനമുണ്ടായിരുന്ന പൊതുമേഖല സ്ഥാപനങ്ങളെ ഇന്ന് 10 ലക്ഷം കോടി രൂപ മൂല്യമുള്ള സ്ഥാപനങ്ങളായി വളർത്തിയത് ഈ നയമാണ്. ജവഹർലാൽ നെഹ്റുവിന്റെ നയം പ്രാവർത്തികമാക്കി കോൺഗ്രസ്സ് നടപ്പിലാക്കിയ ഈ നയമാണ് ചൈനയും വളർത്തിയത്. ഇതേ നയമാണ് ഇന്ന് ക്യൂബയും വിയറ്റ്നാമും ദക്ഷിണകൊറിയയും പിന്തുടരുന്നത്. ചൈന മിക്സഡ് ഇക്കോണമി അംഗീകരിച്ച് മുന്നോട്ടുപോയി. ലോകത്തെ അഞ്ചൂറോളം മൾട്ടി നാഷണൽ കമ്പനികൾ ചൈനയിൽ യഥേഷ്ടം പ്രവർത്തിക്കുകയാണ്. സർക്കാരിന്റെ കയ്യിലുണ്ടായിരുന്ന ഭൂരിഭാഗം കൃഷി ഭൂമികളും സ്വകാര്യവ്യക്തികളുടെ കയ്യിലാണ്. ഒടുവിൽ കാലം കുറേ കാത്തിരുന്നിട്ട് കോഴിക്കോട് പാർട്ടികോൺഗ്രസ്സിൽ നിങ്ങൾ

ചൈനയെ തള്ളിപ്പറഞ്ഞു. നിങ്ങളുടെ പാർട്ടി കോൺഗ്രസ്സ് അവതരിപ്പിച്ച സാമ്പത്തിക നയത്തെപ്പറ്റി ആകെ കൺഫ്യൂഷനായിരുന്നു. ലോകത്തെ മുഴുവൻ രാജ്യങ്ങളെയും സാമ്പത്തിക മാന്ദ്യം തളർത്തിയപ്പോൾ ഇതിനെ അതിജീവിച്ച രണ്ടു രാജ്യങ്ങൾ ഇന്ത്യയും ചൈനയുമാണ്. യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കയിലും സാമ്പത്തിക മാന്ദ്യം മൂലം ജനങ്ങളുടെ പർച്ചേസിംഗ് കപ്പാസിറ്റി കുറഞ്ഞത് എക്സ്പോർട്ടിനെ ബാധിച്ചു. നമ്മുടെ സാമ്പത്തിക നയം ഇപ്പോൾ തികച്ചും ഭദ്രമാണ്. അവ സാന സാമ്പത്തിക വർഷം അമേരിക്കയുടെ വളർച്ചാനിരക്ക് −2 ശതമാന മായിരുന്നപ്പോൾ ഇന്ത്യയുടേത് 6.7 ശതമാനമായിരുന്നു എന്ന കാര്യം വെളിപ്പെടുത്തുന്നു. ഇന്ത്യയുടേയും ചൈനയുടേയും ഈ രംഗത്തുള്ള വളർച്ചയെ ഉത്ക്കണ്ഠയോടെ കാണുന്നുവെന്നാണ് ഒബാമ പറഞ്ഞത്. ചില ആളുകൾ പറയുന്നത് ഇന്ത്യ എലിയും ചൈന മലയുമാണെന്നാണ്. ചോറ് ഇങ്ങും കൂറ് അങ്ങും. അത് വേറെ കാര്യം. സംസ്ഥാനത്തിന്റെ പ്രഗത്ഭനായ വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി അവതരിപ്പിച്ച ധനാഭ്യർത്ഥനകൾ കേരളത്തിന്റെ ശോഭനമായ ഭാവി ഉറ പ്പാക്കുന്നതാണ്. വൈവിധ്യപൂർണ്ണമായ കേരളത്തിന്റെ സാഹചര്യങ്ങളെ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്ത് പുതുതല മുറയുടെ വ്യവസായങ്ങളെ ആകർഷിക്കുകയെന്ന ലക്ഷ്യം മുൻനിറുത്തി യു.ഡി.എഫ് സർക്കാരിന്റെ പുതിയ വ്യവസായ നയത്തിന്റെ കരട് പ്രസിദ്ധീകരിക്കുകയുണ്ടായി. അത് വളരെയേറെ പ്രതീക്ഷ നൽകുന്ന

താണ്. കേരളത്തിലെ വ്യവസായങ്ങൾക്കുണ്ടായിരുന്ന ഏറ്റവും വലിയ തകരാറ് സമയാസമയങ്ങളിൽ അവലോകനം ചെയ്യുന്നില്ല എന്നതാണ്. അതുകൊണ്ട് പല വ്യവസായങ്ങളും നഷ്ടത്തിലേയ്ക്ക് കൂപ്പു കുത്തിയിരിക്കുകയാണ്. ശ്രീ. എളമരം കരീം വ്യവസായ വകുപ്പു മന്ത്രിയായിരുന്ന കാലത്ത് വിപ്ലവങ്ങളുണ്ടാക്കിയെന്നാണ് ശ്രീ. എസ്. ശർമ്മ ഇവിടെ പറഞ്ഞത്. അതെല്ലാം കള്ളക്കഥകളായിരുന്നു. അത് തെളിഞ്ഞു. എല്ലാത്തിന്റേയും ആഡിറ്റ് പൂർത്തിയായപ്പോൾ അത് കെട്ടിച്ച മച്ചതാണെന്ന് നാട്ടിലെ ആളുകൾക്ക് മുഴുവൻ മനസ്സിലാകും. ശ്രീ. എളമരം കരീം നല്ലൊരു മനുഷ്യനാണ്. കരീം എന്ന അറബി പദ ത്തിന്റെ അർത്ഥമെന്ന് പറയുന്നത് മാന്യൻ, ഉദാരവാൻ എന്നൊക്കെ യാണ്. അദ്ദേഹം അവതരിപ്പിച്ച കണക്ക് കുഴപ്പമായിരുന്നു. 2006-07 -ൽ 44 കമ്പനികളിൽ 23 എണ്ണം ലാഭത്തിലാണെന്നു പറഞ്ഞു. ആഡിറ്റ് കഴി ഞ്ഞപ്പോൾ 15 കമ്പനികളായി ചുരുങ്ങി. 2007-08-ൽ 27 കമ്പനികൾ ലാഭ ത്തിലാണെന്ന് പറഞ്ഞു. ആഡിറ്റ് കഴിഞ്ഞപ്പോൾ അത് 20 കമ്പനികളായി കുറഞ്ഞു. 2008-09-ൽ 28 കമ്പനികൾ ലാഭത്തിലാണെന്ന് പറഞ്ഞു. ആഡിറ്റ് കഴിഞ്ഞപ്പോൾ 17 കമ്പനികളായി ചുരുങ്ങി. 2009-10-ൽ 37 കമ്പ നികളിൽ ലാഭത്തിലാണെന്ന് പറഞ്ഞു. ആഡിറ്റ് നോക്കിയപ്പോൾ 22 കമ്പ നികളായി ചുരുങ്ങി. തെരഞ്ഞെടുപ്പ് വർഷമായപ്പോൾ കമ്പനികളുടെ എണ്ണം കൂടി. തെരഞ്ഞെടുപ്പ് വർഷം 38 കമ്പനികളിൽ 30 എണ്ണം

ലാഭത്തിലാണെന്നാണ് എൽ.ഡി.എഫ്. സർക്കാർ അവകാശപ്പെട്ടത്. ആഡിറ്റ് കഴിഞ്ഞപ്പോൾ 19 കമ്പനികളായി ചുരുങ്ങി. സ്ഥിരമായി ലാഭത്തിലുണ്ടായിരുന്ന പത്തോളം കമ്പനികളുണ്ട്. ആ കമ്പനികളും ചേർത്താണ് ഇതിന്റെ എണ്ണം പറഞ്ഞത്. അത് എല്ലാക്കാലത്തും ലാഭമാണ്. മലബാർ സിമെന്റ്സ്, കേരള മെറ്റൽസ് ആന്റ് മിനറൽസ്, സ്റ്റീൽ ഫോർജിംഗ്സ് ലിമിറ്റഡ്, കെ.എസ്.ഐ.ഡി.സി., കിൻഫ്ര, കേരള ക്ലെയ്സ് ആന്റ് സിറാമിക്സ് ലിമിറ്റഡ്, കെൽട്രോൺ, ടെൽക്ക് ഇതെല്ലാം എക്കാലത്തും ലാഭമാണ്. ഈ കമ്പനികളേയും ചേർത്തിട്ടാണ് ലാഭത്തിന്റെ കണക്ക് പറഞ്ഞത്. ഇതൊക്കെ വെറുതെ പറഞ്ഞതാണെന്ന് തെളിയിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ബാദ്ധ്യതകൂട്ടാതെ ആയിരുന്നു എല്ലാം തട്ടിക്കൂട്ടി പറഞ്ഞത്. എന്നാൽ എല്ലാ രംഗങ്ങളിലും വലിയ മാറ്റങ്ങൾ നമ്മുടെ നാട്ടിലുണ്ടാകുകയാണ്. പുതുതലമുറ വ്യവസായങ്ങൾക്കൊപ്പംതന്നെ നമ്മുടെ പരമ്പരാഗത വ്യവസായങ്ങളുടെ വളർച്ചയും പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. നമ്മുടെ പരമ്പരാഗത വ്യവസായങ്ങളിൽ പണിയെടുക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികളുണ്ട്. ആ വ്യവസായങ്ങളുടെ ഭാവിയെക്കുറിച്ച് അവർ വളരെ ഉത്കണ്ഠാകുലരാണ്. പരമ്പരാഗത വ്യവസായങ്ങളെ പലതിനെയും രക്ഷിക്കുമെന്ന് മാറി മാറി നമ്മളെല്ലാം പറഞ്ഞിട്ടുണ്ടെങ്കിലും അതിൽ ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. പുതുതലമുറ വ്യവസായങ്ങൾ എന്ന് ഞങ്ങളിവിടെ കരട് നയത്തിൽ പറയുന്നതോടൊപ്പം വിദേശത്തുള്ള മലയാളികളെയും വിദേശ

ഇന്ത്യക്കാരെയും ആകർഷിക്കാനും നമ്മുടെ നാട്ടിൽ അതിനുവേണ്ടി യുള്ള സംരഭങ്ങൾ വർദ്ധിപ്പിക്കാനും ശ്രമിക്കുമ്പോൾതന്നെ ഈ പരമ്പ രാഗത വ്യവസായങ്ങൾ എങ്ങനെ രക്ഷപ്പെടുത്താമെന്ന് ഞങ്ങൾ ആലോ ചിച്ചു. അതിനായി പുതിയ സാങ്കേതിക വിദ്യ, പ്രൊഫഷണൽ മാർക്ക റ്റിംഗ് രീതി, ഉല്പന്നങ്ങളുടെ ഗുണനിലവാരമുറപ്പാക്കൽ എന്നിവയിലൂടെ പരമ്പരാഗത വ്യവസായങ്ങളെ മുഖ്യധാരയിലേയ്ക്ക് തിരികെക്കൊണ്ട് വരികയാണ് ഈ സർക്കാരിന്റെ ലക്ഷ്യം. പരമ്പരാഗത മേഖലയുടെ പുന രുദ്ധാരണമെന്ന ലക്ഷ്യം ഏറ്റെടുത്തിട്ടുള്ള സർക്കാർ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകഴിഞ്ഞു. ഇതിനായി ഒരു സമഗ്ര പാക്കേജാണ് ലക്ഷ്യമി ടുന്നത്. കൈത്തറി മേഖലയുടെ ദയനീയമായ സ്ഥിതിക്ക് മാറ്റം വരുത്തുന്നതിന് ഒരു സമഗ്ര പാക്കേജ് ഇതിനകം പ്രഖ്യാപിച്ചു കഴിഞ്ഞു. നബാർഡ് കേന്ദ്രസർക്കാരുമായി എം.ഒ.യു ഒപ്പിടുകയും സംസ്ഥാനത്ത് ജില്ലാതല അവലോകന സമിതികൾ രൂപീകരിക്കുകയും ചെയ്തു; ഇത് നേട്ടമല്ലേ? കൈത്തറി മേഖലയിലെ പ്രൊഫഷണലിസം ഉറപ്പാക്കുന്നതി നായി ആരംഭിച്ച കണ്ണൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്ലൂം ടെക്നോളജിയിൽ ത്രിവൽസര ഡിപ്ലോമ കോഴ്സ് ആരംഭിച്ചു. മൂന്നര കോടി രൂപ ചെലവിൽ കെട്ടിടങ്ങൾ നിർമ്മിച്ചു. പൊതുമേഖലാ സ്ഥാപ നങ്ങൾ പിടിപ്പുകേടിന്റെ പര്യായമായി മാറിയിരുന്നു. ആ അവസ്ഥയ്ക്ക് മാറ്റം വരുകയാണ്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ മാതൃക യിൽ സംസ്ഥാനത്തെ 21 പൊതുമേഖലാ സ്ഥാപനങ്ങളിൽ എം.ഒ.യു

സംവിധാനമേർപ്പെടുത്തി. എൻ.ഐ.സി-യുമായി ബന്ധപ്പെട്ട് വിവരസാങ്കേതിക സൗകര്യങ്ങളുപയോഗിച്ച് ഇ-ടെൻഡറിംഗ്, ഇ-പ്രൊക്യൂവർമെന്റ് സൗകര്യങ്ങളേർപ്പെടുത്താൻ നടപടികളാരംഭിച്ചു. പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ലാഭകരവും കാര്യക്ഷമവുമാക്കുന്നതിനായി ഈ രംഗത്ത് പ്രൊഫഷണലിസം ഉറപ്പുവരുത്താനും സമയാസമയം പ്രവർത്തനാവലോകനം നടത്തുന്നതിനുമായി നിലവിലുള്ള ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസും റിയാബ്-ഉം ചേർന്ന് പബ്ലിക് എന്റർപ്രൈസസ് ബോർഡ് രൂപീകരിച്ചു. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ ചരിത്രത്തിലാദ്യമായി സാമൂഹ്യ പ്രതിബദ്ധത കാണിച്ചു. ജീവകാരുണ്യ പ്രവർത്തനങ്ങളും സാമൂഹ്യക്ഷേമപ്രവർത്തനങ്ങളും നടത്തുന്നതിനുവേണ്ടി ലാഭവിഹിതത്തിന്റെ 3% മാറ്റിവയ്ക്കുന്നുവെന്ന കാര്യം വളരെ ശ്ലാഘനീയമാണ്. കേരളത്തിലെ ജനങ്ങളും ലോകത്തെല്ലായിടത്തുമുള്ള മലയാളികളും 'എമർജിംഗ് കേരള' വളരെ പ്രതീക്ഷയോടുകൂടി കാത്തിരിക്കുകയാണ്. എമർജിംഗ് കേരള - 2012 നിക്ഷേപ സംഗമത്തിൽ വിഷൻ വർക്കലയുടെ ഭാഗമായുള്ള വാട്ടർ ട്രാൻസ്പോർട്ട് കോംപ്ലക്സ്, വാട്ടർ സ്പോർട്സ് കോംപ്ലക്സ്, റൂറൽ ടെക്നോപാർക്ക്, ഇൻഫ്രാസ്ട്രക്ചർ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, പ്രകൃതി ചികിത്സാ കേന്ദ്രത്തിന് പുതിയ ബ്ലോക്ക് എന്നിവ ഉൾപ്പെടുത്താമെന്ന് ബഹുമാനപ്പെട്ട മന്ത്രി സമ്മതിച്ചിട്ടുണ്ട്. അക്കാര്യം ഞാൻ ഒന്നുകൂടി ബഹുമാനപ്പെട്ട

മന്ത്രിയെ ഓർമ്മിപ്പിക്കുകയാണ്. ബഹുമാന്യനായ മുൻമന്ത്രി ശ്രീ. എള മരം കരീമിനെ പാർട്ടിയും ഗവൺമെന്റും പല നല്ല കാര്യങ്ങളും ഏൽപ്പി ച്ചിരുന്നു. അദ്ദേഹത്തിന്റെ നാമധേയം തന്നെ മാന്യൻ എന്നായിരുന്നു വെന്ന് ഞാൻ പറഞ്ഞു. .സി.പി.ഐ (എം)-ൽ ജനത്തിന് അല്പമൊക്കെ വിശ്വാസ്യത ബാക്കിയുണ്ടായിരുന്ന നേതാവായിരുന്നു ശ്രീ. എളമരം കരീം. പക്ഷേ മഹാഭാരത യുദ്ധത്തിൽ അശ്വത്ഥാമാവ് മരിച്ചെന്ന് യുധി ഷ്ഠിരൻ കള്ളം പറഞ്ഞ് സ്വന്തം വിശ്വാസ്യത കളഞ്ഞതുപോലെ ടി. പി. ചന്ദ്രശേഖരൻ വധത്തിൽ സി.പി.ഐ(എം)-നെ ന്യായീകരിച്ച് അസത്യം പറഞ്ഞ് ശ്രീ. എളമരം കരീം സ്വന്തം വില കളഞ്ഞിരിക്കുകയാണ്. സി. പി.ഐ (എം) പ്രവർത്തനവും ദേശാഭിമാനിയുടെ വിതരണവുമായി നടന്ന തലശ്ശേരിക്കാരനായ ഫസൽ സ്വന്തം പാർട്ടിയുടെ കൊള്ളരു തായ്മ കണ്ടുമടുത്ത് പാർട്ടി വിട്ട് മറ്റൊരു പ്രസ്ഥാനത്തിൽ ചേരുകയും അതിന്റെ പത്രവിതരണമേറ്റെടുക്കുകയും ചെയ്തു. അസ്വസ്ഥത മൂത്ത് അയാളെ മുസ്ലീം സമുദായത്തിന്റെ വിശേഷ ദിവസമായ കൊച്ചുപെരു നാളിന്റെ തലേദിവസം വധിച്ചു. അത് ചെയ്തത് ഹിന്ദു സംഘടനകളാ ണെന്ന് വരുത്തി തീർക്കാൻ ശ്രമം നടത്തി. എത്ര പറഞ്ഞിട്ടും കേരള ത്തിലെ മുഴുവൻ ജനങ്ങളും, ഇന്ത്യയിലെ പൊതുസമൂഹവും, ലോക ത്തുള്ള എല്ലാ മാധ്യമങ്ങളും, നിങ്ങളുടെ നേതാവ് ശ്രീ. വി. എസ്. അച്ചു താനന്ദനും വിശ്വസിക്കുന്നത് ഈ അറുംകൊലപാതകങ്ങൾ മുഴുവൻ നട ത്തിയതിന്റെ ആസൂത്രകർ നിങ്ങളാണെന്നാണ്. ക്ഷീരബല ആവർത്തി

ക്കുന്നതുപോലെ അല്ല...... അല്ല...... എന്ന് നിങ്ങൾ എത്ര പറഞ്ഞാലും ആരുമത് വിശ്വസിക്കുകയില്ല. ഒഞ്ചിയത്തെ ടി. പി. ചന്ദ്രശേഖരനെന്ന സഖാവ് സി.പി.ഐ(എം)-ന്റെ ജീർണ്ണതകളിൽ മനം മടുത്ത് ആ ഇരുണ്ട കൂടാരത്തിൽനിന്നും പുറത്തുവന്നുവെന്ന ഒരു കുറ്റത്തിന് അസഹിഷ്ണുത പൂണ്ട സി.പി.ഐ(എം) 51 വയസ്സുള്ള ടി. പി. ചന്ദ്രശേഖരനെ 51 വെട്ട് വെട്ടിക്കൊന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ് ........

ശ്രീ. വർക്കല കഹാർ: സർ, ഞാൻ നിറുത്തുന്നു. പക്ഷേ ആ ഹീന കൃത്യത്തിലും സി.പി.ഐ(എം) അതിന്റെ ദുഷ്ടലാക്ക് വ്യക്തമാക്കി. കൊല്ലാൻ സഖാക്കൾ പോയ ഇന്നോവ കാറിന്റെ പിറകിൽ മാഷാ-അള്ളാ എന്ന് സ്റ്റിക്കറൊട്ടിച്ചു. അറബികളും വിശ്വാസികളും പ്രാർത്ഥനാ രൂപത്തിൽ പറയുന്നതാണ് മാഷാ-അള്ളാ, അള്ളാഹു നിശ്ചയിച്ചതു തന്നെയെന്ന്. അതിന്റെ പിറകിലെഴുതിയതിനു പിന്നിൽ ഏതെങ്കിലും മുസ്ലീം സംഘടനയുടെ തലയിൽ കെട്ടിവച്ച് രക്ഷപ്പെടുക മാത്രമായിരുന്നില്ല ലക്ഷ്യം. കേരളത്തിലൊരു വർഗ്ഗീയ ലഹളയ്ക്ക് അരങ്ങൊരുക്കുകയായിരുന്നു നിങ്ങൾ. മുട്ടനാടുകളെ തമ്മിലടിപ്പിച്ച് ചോര കുടിച്ച് ചീർക്കാൻ കൊതിച്ച കുറുക്കനെക്കാൾ നിങ്ങൾ ഈ ജനാധിപത്യ കേരളത്തിൽ അധ:പതിച്ചു എന്നു നമ്മൾ മനസ്സിലാക്കണ്ടേ. അതുപോലുള്ള സംഭവങ്ങളാണ് നിങ്ങൾ എക്കാലമത്രയും നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് കേരളത്തിന്റെ ശോഭനമായ ഭാവിക്ക് ഈ നാട്ടിൽ ശക്ത

മായ വ്യാവസായിക അടിത്തറയുണ്ടാകണം. ആ വ്യാവസായിക അടിത്തറയുണ്ടാകുന്നതിനുവേണ്ടി ബഹുമാന്യനായ മന്ത്രി അവതരിപ്പിച്ച ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുകയാണ്.

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ ശക്തമായി എതിർക്കുകയാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അടുത്ത ഒരു വർഷത്തേയ്ക്കുള്ള സാമ്പത്തിക ബാദ്ധ്യതകളാണ് സഭയിലിപ്പോൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ശ്രീ. വർക്കല കഹാർ പറഞ്ഞത് വ്യവസായത്തിന്റെ കാര്യമാണോ? ഇവിടെ നടന്ന പിടിച്ചുപറിയുടെയും മാലമോഷണത്തിന്റെയും ഇരട്ടക്കൊലപാതകത്തിന്റെയും ആറാം പ്രതി എങ്ങനെയായി എന്നതിനെക്കുറിച്ചും പറയുമെന്നാണ് ഞാൻ വിചാരിച്ചത്. പക്ഷേ അദ്ദേഹം അതല്ല പറഞ്ഞത്. അദ്ദേഹം ഉദ്ദേശിച്ചിരുന്ന കാര്യം അദ്ദേഹം പറഞ്ഞു. ഞാനതിലേയ്ക്ക് കടക്കുന്നില്ല. കേരളത്തിന്റെ ഭാവിയെ സംബന്ധിക്കുന്ന വളരെ ഗൗരവമേറിയ ഒരു വിഷമയാണിത്. നമ്മളെല്ലാക്കാലത്തും നിയമസഭയുടെ അകത്തും പുറത്തും കേരളത്തെ വ്യവസായ വൽക്കരിക്കാനുള്ള ഒട്ടേറെ ശ്രമങ്ങൾ നടത്തി. അതിലേതെങ്കിലുമൊരു ഗവൺമെന്റിനെതിരായിട്ടുള്ള കുറ്റപത്രമൊന്നും ഈ സന്ദർഭത്തിൽ പ്രഖ്യാപിക്കുന്നത് ശരിയല്ല. എൽ.ഡി.എഫ് ഗവൺമെന്റിനുമുൻപ് ഇവിടെയൊരു ഗവൺമെന്റുണ്ടായിരുന്നു. കേരളത്തിന്റെ ഏറ്റവും വലിയ പ്രയാസം കേരളത്തിന് അനിവാര്യമായ ഒരു വ്യവസായ നയം സുസ്ഥിരമായി കൊണ്ടുപോകാൻ കഴിയുന്നില്ലെന്നുള്ള

താണ്. അതാണ് ഗൗരവമായി ആലോചിക്കേണ്ടത്. ഞങ്ങൾ അധികാരത്തിൽ വരുന്നതിനുമുമ്പ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയായിരുന്നു വ്യവസായ വകുപ്പുമന്ത്രി. അന്ന് ട്രേഡ് യൂണിയൻ പ്രവർത്തകനായ ഞാൻ നിരവധി നിവേദനങ്ങളുമായി അങ്ങയെ കാണാൻ വന്നിരുന്നു. സംഭവബഹുലമായ ആ കാലം അങ്ങ് ഓർമ്മിക്കുമെന്ന് ഞാൻ ഈ സന്ദർഭത്തിൽ വിശ്വസിക്കുകയാണ്. അങ്ങ് അന്ന് ചൗധരി കമ്മിറ്റിയെ നിയോഗിച്ച് കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ അടച്ചുപൂട്ടാൻ ആലോചന നടത്തി. അടച്ചു പൂട്ടി. അടച്ചുപൂട്ടിയതൊന്നും തുറന്നില്ല. തുറന്നാൽ തൊഴിലാളികൾക്ക് കൂലിയും വേതനവും കൊടുക്കാൻവേണ്ടി റിയാബ്-നെ ചുമതലപ്പെടുത്തി. അന്ന് വ്യവസായ മേഖലകളിലെ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ആത്മഹത്യകളുടേയും നിലവിളികളുടേയും കാലമായിരുന്നു. ആ ശവപറമ്പിലേയ്ക്കാണ് ഞങ്ങൾ കടന്നുവന്നത്. ഞങ്ങൾ പരിശ്രമങ്ങൾ നടത്തി., അത് പരിപൂർണ്ണമല്ല. ഒട്ടേറെ വ്യവസായ സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിച്ചു. ശ്രീ. വർക്കല കഹാറും ഞാനും അങ്ങും ട്രേഡ് യൂണിയൻ പ്രവർത്തകരാണ്. അന്ന് വ്യവസായശാലകളിൽ നിന്ന് പിരിച്ചുവിടപ്പെട്ട 100 കണക്കിന് തൊഴിലാളികളെ തിരിച്ചുവിളിച്ച് കോഴിക്കോട്ടെ സോപ്സ് ആന്റ് ഓയിൽസ് മുതൽ ബാലരാമപുരം സ്പിന്നിംഗ് മിൽ വരെയുള്ള സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് പണികൊടുത്തു. ആ നയം നിങ്ങൾ സ്വീകരിക്കണം. ഞങ്ങൾ ഒരു തൊഴിലാളിയേയും പിരിച്ചുവിട്ടില്ല. ഒരു സ്ഥാപനവും പൂട്ടിയില്ല.

നിങ്ങളുടെ പുതിയ വ്യവസായ നയത്തിൽ പറയുന്ന ഒരു കാര്യം ഞാൻ വായിക്കാം. 'Government will support the PSUs for better public-private balance and social responsibility....' ഇത് അവസാനിക്കുന്നത് 'No PSU will be privatised' എന്നാണ്. ഇത് വായിക്കാതെയാണ് ശ്രീ. വർക്കല കഹാർ പറഞ്ഞത്. നിങ്ങൾ തന്നെ ഇപ്പോൾ പറയുന്നു, പൊതുമേഖലാ വ്യവസായങ്ങളിൽ ഒരെണ്ണംപോലും സ്വകാര്യവത്കരിക്കില്ല എന്ന്. ഇത് ഞങ്ങളുടെ തൊഴിലാളികൾ നടത്തിയ സമരത്തിന്റെ ഫലമാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ വ്യവസായ വകുപ്പുമന്ത്രി ഈ നിയമസഭയിൽ പറയുന്നത്, പൊതുമേഖലാ വ്യവസായങ്ങൾ ഇനി സ്വകാര്യവത്ക്കരിക്കുന്ന നടപടിയിലേയ്ക്ക് ഞങ്ങൾ തിരിയില്ലയെന്നാണ്. ദാരുണമായ അനുഭവങ്ങളായിരുന്നു..

<u>ശ്രീ. വർക്കല കഹാർ</u>: സർ, അങ്ങ് പറയുന്നത് കാര്യങ്ങൾക്ക് വിരുദ്ധമാണ്. കേരളത്തിൽ യു.ഡി.എഫ്. ഭരണത്തിലിരുന്നപ്പോൾ ഏത് വ്യവസായമാണ് സ്വകാര്യവത്ക്കരിച്ചത്? ഞാൻ ഒരു കാര്യംകൂടി പറയാം. കേരളത്തിലെ കെൽട്രോൺ പോലെ വെസ്റ്റ് ബംഗാളിൽ വെസ്റ്റ് ബംഗാൾ ഇലക്ട്രോണിക്സ് എന്ന ഒരു സ്ഥാപനമുണ്ട്. ആ സ്ഥാപനത്തെ പ്രൈവറ്റൈസ് ചെയ്ത് നിങ്ങൾ പറഞ്ഞ സീമെൻസിന് കൊടുത്തത് അവിടത്തെ സി.പി.എം. ഗവൺമെന്റാണ്. നിങ്ങളാണ് ആ നയങ്ങൾ ചെയ്തത്.

ശ്രീ. സി. ദിവാകരൻ: സർ, ഏതെങ്കിലും ഒരു സ്റ്റേറ്റിൽ ഏതെങ്കിലും ഒരു ഗവൺമെൻറ് എന്തെങ്കിലും ചെയ്തതിനെ സംബന്ധിച്ച്...... ഞാനിപ്പോൾ പറയുന്നത് നിങ്ങളുടെ വ്യവസായ നയത്തിന് അനുകൂലമായിട്ടാണ്. അത് ശ്രീ. വർക്കല കഹാറിന് മനസ്സിലായില്ല. പൊതുമേഖലാ സ്ഥാപനങ്ങൾ മേലാൽ സ്വകാര്യവത്ക്കരിക്കില്ലായെന്ന യു.ഡി.എഫ്. ഗവൺമെന്റിന്റെ നയത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. നിങ്ങൾ അവിടെ എത്തിയത് നമ്മുടെ രാജ്യത്തുനടന്ന തൊഴിലാളികളുടെ സമരങ്ങളുടെ ഫലമായിട്ടാണ്. ബാങ്ക് ദേശസാൽക്കരിക്കാൻ തുടങ്ങിയ കാലം മുതൽ, ഇന്ദിരാ ഗാന്ധിക്ക് പിന്തുണകൊടുത്ത കാലം മുതൽ കഴിഞ്ഞ യു.പി.എ -യുടെ ഒന്നാം ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനങ്ങളുടെ (നവരത്നങ്ങൾ) ഓഹരികൾ വിൽക്കാൻ പാടില്ല എന്ന കരാറിൽ ഒപ്പിട്ടതുകൊണ്ടാണ് ഞങ്ങൾ പിൻതുണ നൽകിയിത്. അതെല്ലാം മറന്നുപോകരുത്. ഇപ്പോൾ നിങ്ങൾ കൊണ്ടുവന്ന നയം സ്വാഗതാർഹമാണ്, നല്ലകാര്യമാണ്. ഇത് തുടരണം. നിങ്ങൾ ഇപ്പോൾ പറഞ്ഞല്ലോ ബംഗാളിൽ എന്തോ നടന്നെന്ന്. കേന്ദ്ര ഗവൺമെന്റിന്റെ വ്യാവസായിക രംഗത്തെ ഇപ്പോഴത്തെ സ്ഥിതി എന്താണ്. അതിന്റെ അസ്ഥിവാരം തോണ്ടിയില്ലേ.? ഇപ്പോൾ കേന്ദ്രത്തിന് കോൺഗ്രസിന്റെ നയം നടപ്പിലാക്കാൻ സാധ്യമല്ല. കേന്ദ്രത്തിൽ ഉള്ളത് മുന്നണി ഗവൺമെന്റാണ്. 1956-ൽ ജവഹർലാൽ നെഹ്റു പാർലമെന്റിൽ പ്രഖ്യാപിച്ച പുരോഗമനപരമായ വ്യവസായ നയത്തിൽ കോർ സെക്ടർ തൊടാൻ പാടില്ലായെന്നു പറഞ്ഞു. അങ്ങനെ

യൊരു നയമാണ് പാർലമെന്റ് പാസ്സാക്കിയത്. പക്ഷെ ഇന്ന് നിങ്ങൾക്ക് അത് നടപ്പിലാക്കാൻ സാധ്യമല്ല. അതുകൊണ്ടാണ് കോർപ്പറേറ്റ് കമ്പനികൾ ഇപ്പോൾ ഇൻഡ്യയിലെ റീട്ടെയിൽ സെക്ടർ വരെ കൈയടക്കിയിരിക്കുന്നത്. നിങ്ങൾ നയത്തിൽ നിന്നും വ്യതിചലിച്ചു. ജവഹർലാൽ നെഹ്റുവിന്റെ നയത്തെ നിങ്ങൾ തള്ളിക്കളഞ്ഞു. നിങ്ങൾ ഇപ്പോൾ ശ്രീമതി മമതാ ബാനർജിയുടേയും ശ്രീമതി മായാവതിയുടേയും ശ്രീ. കരുണാനിധിയുടേയുമൊക്കെ നയങ്ങളാണ് നടപ്പിലാക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ എത്ര ശതമാനമാണ് കേരളത്തിന് നിക്ഷേപം. ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയിട്ട് 65 വർഷമായി. കേരളത്തിലെ കേന്ദ്ര നിക്ഷേപം 2.39 ശതമാനമാണ്. തമിഴ്നാട്ടിൽ എത്രയാണെന്ന് അറിയാമോ, 20.85 ശതമാനമാണ്. കർണ്ണാടകയിൽ 18 ശതമാനമാണ്. ഇതാണ് കേന്ദ്രത്തിന്റെ സമീപനം. താങ്കളുടെ വ്യവസായ നയത്തിൽ, കേരളത്തിലെ വ്യവസായത്തിന്റെ പുരോഗതിക്ക് കേന്ദ്രത്തിന്റെ മൂലധന നിക്ഷേപം കുറച്ചുകൂടെ കൂടുതൽ വേണം. What is the role of the Central Government? ഇവിടത്തെ ഇൻഡസ്ട്രി ഡെവലപ്പ് ചെയ്യാൻ കുറച്ചുകൂടെ സഹായം വേണമെന്ന് പറയാൻ എന്താണ് നിങ്ങൾക്ക് ഭയം. നിങ്ങൾ അത് പറഞ്ഞിട്ടില്ല. നിങ്ങളുടെ വ്യവസായ നയത്തിൽ അത് സൂചിപ്പിച്ചിട്ടില്ല. അത് വളരെ നിർഭാഗ്യകരമാണ്. കേന്ദ്രത്തിന്റെ സഹായം നമുക്ക് ആവശ്യമാണ്. പാലക്കാട്ട് കഞ്ചിക്കോട്ടുള്ള

കോച്ച്ഫാക്ടറിയെക്കുറിച്ച് എല്ലാപേരും പറയുന്നുണ്ടല്ലോ. കോച്ച്ഫാക്ടറിയുടെ ഡിമാന്റുമായി കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റാണ് ഡൽഹിയിൽപ്പോയി ശ്രീ. ലാലു പ്രസാദ് യാദവിനെ കണ്ട് അനുവാദം വാങ്ങിയത്. ഞങ്ങൾ തിരിച്ചുവന്ന് അതിനാവശ്യമായ സ്ഥലമന്വേഷിച്ചു. അതിന്റെ നടപടികളുമായി മുന്നോട്ടു പോയി. പക്ഷെ കോച്ച്ഫാക്ടറി ഇപ്പോഴും അങ്ങനെതന്നെ കിടക്കുകയാണ്. ഇതാണ് കേന്ദ്രഗവൺമെന്റിന്റെ ഒരു സഹായം. ചാക്കയിലെ പി.ഡബ്ലിയു.ഡി. വർക്ക്ഷോപ്പും സ്ഥലവും ശ്രീ. എളമരം കരീം സദ്ദുദ്ദേശത്തിൽ ഇടപെട്ടു കൊണ്ട്......... ഐ.എസ്.ആർ.ഒ ആണെന്നുവിചാരിച്ചു കൊടുത്തു. പക്ഷെ അത് കെൽടെക്കായിരുന്നു. കെൽടെക് ഇപ്പോൾ ബ്രഹ്മോസ് ആയി. ഒരു വിദേശ സ്വകാര്യ കമ്പനിയാണ് ബ്രഹ്മോസിന്റെ ഉടമസ്ഥൻ. കേരളത്തിന്റെ സ്ഥലവും കേരള ഗവൺമെന്റിനേയും കബളിപ്പിച്ച് കേന്ദ്രത്തിന്റെ സഹായത്തോടുകൂടി കെൽടെക്കിനെ ബ്രഹ്മോസ് ആക്കി. ബ്രഹ്മോസിന്റെ മാനേജ്മെന്റ് ഇപ്പോൾ പ്രൈവറ്റാണ് എന്നറിയുന്നത് നമുക്ക് പറ്റിയ ഒരു അബദ്ധമാണ്. ചേർത്തല ആട്ടോകാസ്റ്റിന് കേന്ദ്രത്തിന്റെ സഹായം, ശ്രീ. എ.കെ. ആന്റണിയുമായി എം.ഒ.യു. ഒപ്പിട്ടതാണ്. അതിപ്പോഴവിടെ ഉണ്ടോ; അവിടെ വാഗൺ റിപ്പയർ യൂണിറ്റുണ്ടോ? അവിടെ റെയിൽവെ കോമ്പണന്റ് ലിമിറ്റഡ് കമ്പനി തുടങ്ങാമെന്ന് എം.ഒ.യു ഒപ്പിട്ടതാണ്. കേന്ദ്രം തന്നോ. കെൽട്രോണിന് ഡിഫൻസിന്റെ മുഴുവൻ ഓർഡറും തരാമെന്നു പറഞ്ഞു. കിട്ടുന്നുണ്ടോ. ഉണ്ടെങ്കിൽ

അത് പറയണം. കേരളത്തിലെ വ്യവസായത്തിന്റെ പ്രധാനപ്പെട്ട പ്രശ്നം തൊഴിലാളികളാണ്. ഞാൻ ഒരു ട്രേഡ് യൂണിയൻ പ്രവർത്തകനെന്നുള്ള നിലയിൽ അഡ്മിറ്റ് ചെയ്യുന്നു. കേരളത്തിൽ ശാന്തമായ, ഇൻഡസ്ട്രിയൽ പീസ് ഇന്ന് നിലനിൽക്കുന്നത് കേരളത്തിലെ പ്രബുദ്ധരായ തൊഴിലാളികളുടെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ സംഭാവനയാണ്. ഇന്ന് നിങ്ങൾക്ക് എടുത്തുപറയാൻ കഴിയുന്ന ഒരു വ്യവസായ മേഖലയിലും അനാവശ്യമായ, അൺഫെയറായിട്ടുള്ള ലേബർ പ്രാക്ടീസ് നടത്തിയിട്ടും തൊഴിലാളികളെ പഴയതുപോലെ പ്രേരിപ്പിക്കുന്നില്ല. ഞങ്ങൾ തൊഴിലാളികളെ വിശ്വാസത്തിലെടുത്തു, ഐ.ആർ.സി.കളുണ്ടാക്കി, തൊഴിലാളികൾക്ക് പ്രാതിനിധ്യം കൊടുത്തു, ട്രേഡ് യൂണിയനുകൾ ആവശ്യപ്പെട്ട എല്ലാ ഡിമാന്റുകളും ഞങ്ങൾ അംഗീകരിച്ചു, അവർക്ക് എല്ലാ ബോണസും കൊടുത്തു. കഴിഞ്ഞ അഞ്ച് കൊല്ലക്കാലം ബോണസിനായി ഒരു സമരവുമില്ല, കാലാകാലങ്ങളിൽ ഞങ്ങൾ അവർക്ക് ശമ്പളപരിഷ്ക്കരണം കൊടുത്തു. തൊഴിലാളി വർഗ്ഗത്തെ സമ്പൂർണ്ണമായി വിശ്വാസത്തിലെടുത്തതിന്റെ ഫലമായി കേരളത്തിൽ വ്യവസായ അന്തരീക്ഷമുണ്ടായി. നിങ്ങൾ അത് ദുർബലപ്പെടുത്തുകയോ വികലമാക്കുകയോ ചെയ്യരുത്. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം, അവരെ വിശ്വാസത്തിലെടുക്കാതെ ബ്രഹ്മാവ് വിചാരിച്ചാലും കേരളത്തിൽ വ്യവസായം മുന്നോട്ട് പോകില്ല. കഴിഞ്ഞ അഞ്ചുകൊല്ലമായി ഉണ്ടാക്കിയിട്ടുള്ള ഈ നല്ല ബന്ധം, ഇൻഡസ്ട്രിയൽ

റിലേഷൻസ് സംരക്ഷിക്കാൻ, ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് റിലേഷൻ ബോർഡ് കേരളത്തിൽ രൂപീകരിച്ച് ട്രേഡ് യൂണിയൻ പ്രതിനിധികളും ഉദ്യോഗസ്ഥന്മാരും ഗവൺമെന്റും ചേർന്ന് കേരളത്തിലെ വ്യവസായ പ്രശ്നങ്ങളിൽ റിവ്യൂ നടത്തണം. പക്ഷേ അത് ഇപ്പോഴില്ല. ഇവിടെ പറയുന്നത് എമർജിംഗ് കേരളയാണ്. ജിം ഇപ്പോൾ വിട്ടുകളഞ്ഞോ; ജിം വിടാനുള്ള കാര്യമെന്താണ്; ജിം പോരെ നമുക്ക്? ജിം-ന്റെ മറ്റൊരു രൂപമാണ് എമർജിംഗ് കേരള. ജിം പൊളിഞ്ഞുപോയി. അതുകൊണ്ടാണ് ജിം-നു പകരം എമർജിംഗ് കേരള കൊണ്ടുവന്നത്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (<u>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി</u>) : സർ, ജിം മറ്റു സംസ്ഥാനങ്ങൾ കൊണ്ടു പോയി. ഇന്ത്യയിലാദ്യമായി ജിം തുടങ്ങിയത് നമ്മളാണ്. അതേ പേരിൽ ഗുജറാത്തും മറ്റു സംസ്ഥാനങ്ങളും തുടങ്ങി. അവർ കൊണ്ടു പോയി. അതുകൊണ്ടാണ് ജിം എന്ന് പറയാത്തത്. നമ്മൾ ഇടക്കാലത്ത് എടുത്തില്ല. അതാണ് കുഴപ്പമായത്.

<u>ശ്രീ. സി. ദിവാകരൻ</u> : സർ, എമർജിംഗ് കേരള കൊണ്ടുദ്ദേശിക്കുന്നത് നമുക്ക് കാത്തിരുന്ന് കാണാം. ശ്രീ. കെ.എം. മാണിയെ ഇവിടെ കാണുന്നില്ല, എങ്ങനെയാണ് ഈ ബഡ്ജറ്റ് അലോക്കേഷൻ നടത്തിയിരിക്കുന്നത്? എൽ.ഡി.എഫ്. സർക്കാർ നീക്കിവച്ചതിനേക്കാൾ കൂടുതൽ വ്യവസായ വകുപ്പിനായി ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ടോ; അങ്ങ് ഇത് പരിശോധിച്ചിട്ടുണ്ടോ? നിങ്ങൾ പ്രസിദ്ധീകരിച്ച Detailed Budget Estimate

2012-2013 - Vol III - പേജ് നമ്പർ 129, എന്റെ കൈയിലുണ്ട്. അതിൽ എൽ.ഡി.എഫ്. സർക്കാർ 2010-11 ൽ വ്യവസായത്തിന് 764.72 കോടി രൂപ യാണ് അനുവദിച്ചത്. യു.ഡി.എഫ്. സർക്കാർ 2011-12-ൽ 572.63 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. കഴിഞ്ഞ ഒറ്റ വർഷത്തിൽ വ്യവസായ വകുപ്പിന്റെ പദ്ധതിച്ചെലവിൽ 192.9 കോടി രൂപയുടെ കുറവ് സംഭവിച്ചു. ഈ വർഷത്തിൽ (2012-13) പദ്ധതിയിനത്തിൽ വകയിരുത്തിയിരിക്കുന്നത് 709.69 കോടി രൂപയാണ്. ഇത് എൽ.ഡി.എഫ്. സർക്കാർ രണ്ടു കൊല്ലം മുമ്പ് വ്യവസായ വകുപ്പിൽ ചെലവഴിച്ചതിനേക്കാൾ 55 കോടി രൂപ കുറ വാണ്. വ്യവസായ വകുപ്പിനെ ധനകാര്യ വകുപ്പ് നന്നായി പറ്റിച്ചു കളഞ്ഞു എന്ന് ഞാൻ പറയുന്നില്ല. അത് സമീപനത്തിന്റെ പ്രശ്നമാണ്. ഞങ്ങളുടെ 5 കൊല്ലം, 2006-07 ൽ വ്യാവസായിക വളർച്ച 12.58%, 2010-11-ൽ ഞങ്ങൾ ഭരണത്തിൽ നിന്നിറങ്ങുമ്പോൾ കേരളത്തിന്റെ വ്യാവ സായിക വളർച്ച 18.44%. ഇൻഫർമേഷൻ ടെക്നോളജിയിൽ ബഡ്ജറ്റിൽ ഗണ്യമായ വെട്ടിക്കുറവാണ് വരുത്തിയിരിക്കുന്നത്. ബഹുമാനപ്പെട്ട വ്യവ സായ വകുപ്പുമന്ത്രിക്ക് ഈ ഗവൺമെന്റിൽ നല്ല സ്വാധീനമുണ്ടായിട്ടും ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി ഇങ്ങനെ ചതിച്ചതിൽ സഭയ്ക്ക് അതി യായ ദുഃഖമുണ്ട്. കാരണം കേരളത്തിന്റെ ഭാവിയാണത്. ഞാൻ ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്. കേരളത്തിന്റെ പരമ്പ രാഗത വ്യവസായത്തിൽ ബഹുമാനപ്പെട്ട വ്യവസായ മന്ത്രിയുടെ രേഖയിൽ കയർ കാണുന്നില്ല. അത് വേറെ മന്ത്രിയും വേറെ വകുപ്പുമാ

യതുകൊണ്ടായിരിക്കാം. എന്നാലും വ്യവസായത്തിന്റെ കരട് രേഖയിൽ കയർ എന്നൊരു പദപ്രയോഗം ഇല്ലാതെ പോയത് നിർഭാഗ്യകരമാണ്. അദ്ദേഹമില്ലെങ്കിലും പറയുകയാണ്, കേരളത്തിന്റെ കയർ വ്യവസായം മണ്ണിടിഞ്ഞുകൊണ്ടിരിക്കുകയാണ്. സാമ്പത്തിക ബാദ്ധ്യതമൂലം സഹകര ണസംഘങ്ങളൊന്നും പ്രവർത്തിക്കുന്നില്ല. 210 രൂപയാണ് ഒരു കയർത്തൊഴിലാളിയുടെ കൂലി. 210 രൂപയ്ക്ക് കേരളത്തിലെ ഒരു കയർത്തൊഴിലാളിക്കും ജോലിയില്ല. അവർക്ക് ജോലി കിട്ടുന്നില്ല. ഇന്ത്യ യിൽ ഏറ്റവും കൂടുതൽ സ്ത്രീകൾ പണിയെടുക്കുന്ന മേഖലയാണ് കശുവണ്ടി മേഖല. കശുവണ്ടി മേഖലയിലെ സ്ഥിതിയും വ്യത്യസ്തമല്ല. കേരളത്തിലെ പരമ്പരാഗത വ്യവസായ മേഖലയിൽ 25 ലക്ഷം പേർക്ക് തൊഴിലവസരങ്ങളുള്ളതാണ്, വമ്പിച്ച സാമ്പത്തിക നേട്ടം ഉണ്ടാക്കാൻ കഴിയുന്നതാണ്, പ്രോഫിറ്റ് ജനറേറ്റ് ചെയ്യാൻ കഴിയുന്നതാണ്, ഫൈനാൻസ് ജനറേറ്റ് ചെയ്യാൻ കഴിയുന്നതാണ്, എക്സ്പോർട്ട് ചെയ്യാൻ കഴിയുന്നതാണ്. ആ രീതിയിൽ പൊതുമേഖലാ വ്യവസായവും ഐ.ടി. മേഖലയോടുമൊപ്പം പരമ്പരാഗത വ്യവസായ മേഖലയെക്കൂടി പരിഗണിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം. ഇവിടെ 'ഇൻകെൽ' എന്നൊരു സ്ഥാപനം രൂപീകരിച്ചിട്ടുണ്ട്. ഞങ്ങളുടെ കാലത്തുതന്നെ 26 ശതമാനമാണ് ഗവൺമെന്റിന് ഷെയറുള്ളത്. ആ 'ഇൻകെൽ' കേരളത്തിലെ ഏറ്റവും വലിയ ഭൂമാഫിയയുടെ ഒരു ഏജന്റായി മാറിക്കഴിഞ്ഞിരിക്കുകയാണ്. നഗര പ്രദേശങ്ങളിലുള്ള

ഗവൺമെന്റ് സ്ഥലങ്ങൾ കൈയ്യടക്കി പ്രൈവറ്റ് മേഖലയ്ക്ക് കൊടുക്കുന്ന റിയൽ എസ്റ്റേറ്റ് പണിയാണ് അവർ ചെയ്യാൻ പോകുന്നത്. ഗൗരവമായ ഈ വിഷയം ഞാൻ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരികയാണ്. കേന്ദ്രത്തിന്റെ സഹായം വഴി പരമ്പരാഗത വ്യവസായങ്ങളും പൊതുമേഖലയുമെല്ലാം സംരക്ഷിക്കാൻ പുതിയ സമീപനം സ്വീകരിക്കണമെന്ന് ഈ അവസരത്തിൽ പറയുകയാണ്. ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട സി. ദിവാകരൻ, ഇന്നത്തെ ഈ ഡിമാന്റിൽ കയർ വ്യവസായങ്ങൾ എന്ന മൈനർ ഹെഡ്ഡുംകൂടി ഉൾപ്പെടുന്നുണ്ട്. അതുകൂടി ചേർത്തിട്ടുണ്ട്. അത് മൈനർ ഹെഡ്ഡിലുണ്ട്.

ശ്രീ. കെ.എൻ.എ. ഖാദർ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. നമ്മുടെ വ്യവസായ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെക്കുറിച്ച് എന്റെ ബഹുമാന്യനായ സ്നേഹിതൻ സഖാവ് സി. ദിവാകരൻ ഈ വ്യവസായ നയത്തെ സ്വാഗതം ചെയ്ത തരത്തിൽ, അദ്ദേഹത്തിനുണ്ടായ മാറ്റത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. കേന്ദ്രസർക്കാരിനെ എതിർക്കുകയും അവരുടെ നയങ്ങളെ വിമർശിക്കുകയും ചെയ്യുന്നത് തെറ്റുള്ള കാര്യമല്ല. പക്ഷേ ഏത് കാലത്തും അവർ അത്തരത്തിലുള്ള നിലപാടല്ല സ്വീകരിച്ചിരുന്നത്. ആ വിഷയത്തിലേയ്ക്ക് പോയി ഞാൻ പറയാൻ ഉദ്ദേശിച്ച കാര്യങ്ങൾ കളയണമെന്ന് ആഗ്രഹിക്കുന്നില്ല. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി അധികാരമേറ്റശേഷം ഈ സർക്കാർ 12543 മൈക്രോ, സ്മാൾ ആന്റ് മീഡിയം ഇൻഡസ്ട്രീസ് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്, 9932 എണ്ണം പ്രൊഡക്ഷൻ സെക്ടറിലും 2611 എണ്ണം സർവ്വീസ് സെക്ടറിലുമായി. ഈ ഗവൺമെന്റ് വന്നതിനുശേഷം ആകെ 1344.20 കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റാണ് എം.എസ്. എം.ഇ. എന്ന പേരിൽ വിവിധ മേഖലകളിലായി ഇവിടെ വന്നിട്ടുള്ളത്. 65976 എംപ്ലോയ്മെന്റ് ക്രിയേഷനും ഇവിടെ നടന്നിട്ടുണ്ട്. അക്കാര്യത്തിൽ ഒന്നാം സ്ഥാനത്ത് എറണാകുളവും രണ്ടാം സ്ഥാനത്ത് കൊല്ലവുമാണെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഈ ഗവൺമെന്റിന്റെ വ്യ

വസായ നയം ഇവിടെ പലരും സ്വാഗതം ചെയ്യുന്ന തരത്തിലാണ്. സ്വ കാര്യവൽക്കരണമില്ല എന്നത് ഒരു നയത്തിന്റെ ഭാഗമായി പ്രഖ്യാപിച്ചി ട്ടുണ്ട്. സേവനമേഖലയ്ക്കു കൂടി ഏകജാലകം ഏർപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചത് വളരെയേറെ സ്വാഗതാർഹമായ കാര്യമാണ്. ഐ.ടി, വിദ്യാഭ്യാസം, ടൂറിസം, വാണിജ്യം, വ്യാപാരം, ഇൻഷ്വറൻസ്, ആരോഗ്യം, വാർത്താവിനിമയം തുടങ്ങിയ എല്ലാ മേഖലകളിലും വളരെ വലിയ മാറ്റങ്ങൾ വരുത്താൻ ഈ ഗവൺമെന്റിന്റെ വ്യവസായ നയം കൊണ്ട് സാധിച്ചു. ഒരു ന്യൂ ജനറേഷൻ വ്യവസായ മേഖലയാണ് വാസ്തവത്തിൽ ബഹുമാനപ്പെട്ട മന്ത്രി വിഭാവനം ചെയ്യുന്നത്. ബഹുമാ നപ്പെട്ട മന്ത്രി നേരത്തെയും വ്യവസായ വകുപ്പ് കൈകാര്യം ചെയ്തിട്ടുണ്ട്, ഇപ്പോഴും ചെയ്യുന്നുണ്ട്. അദ്ദേഹത്തിന്റെ പല പ്രസ്താവനകളും പറയുന്നതും എഴുതുന്നതും നേരിട്ടും അല്ലാതെയും കേൾക്കാനും വായിക്കാനും എനിക്ക് അവസരമുണ്ടായിട്ടുണ്ട്. ഞാൻ അദ്ദേഹത്തെ വളരെ കീനായി ഒബ്സർവ് ചെയ്തപ്പോൾ എനിക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്, അദ്ദേഹം സംസാരിക്കുന്നത് മുഴുവൻ ന്യൂ ജനറേഷൻ വ്യവസായത്തെക്കുറിച്ചാണ്. അതാണ് ഈ കാലഘട്ട ത്തിന്റെ വ്യവസായം എന്ന് അദ്ദേഹം മനസ്സിലാക്കിയതുപോലെ എല്ലാ വരും മനസ്സിലാക്കുകയും ആ നിലപാടിനെ നമ്മൾ മനംമറന്ന് അല്ലെ ങ്കിൽ എല്ലാ അർത്ഥത്തിലും പിന്തുണ കൊടുക്കുകയും ചെയ്തി രുന്നുവെങ്കിൽ വളരെ വലിയ മാറ്റങ്ങൾ കേരളത്തിൽ ഉണ്ടാകുമായി

രുന്നു എന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. വ്യവസായത്തെക്കുറിച്ചുള്ള സങ്കൽപ്പങ്ങളൊക്കെ മാറിയകാലഘട്ടമാണ്. വ്യവസായത്തെക്കുറിച്ചുള്ള സങ്കൽപ്പം വലിയ പുകക്കുഴലുകളും ഭീമാകാരമായ യന്ത്രങ്ങളും ടൺ കണക്കിന് മാലിന്യങ്ങളും ചേർന്നാൽ വ്യവസായമായിയെന്ന രീതിയിലാണ് പല ആളുകളും ഇപ്പോഴും സംസാരിച്ചുകൊണ്ടിരിക്കുന്നത്. തൊഴിലാളികളുമായി ബന്ധപ്പെടുത്തി പറയുമ്പോഴും പുതിയ കാലഘട്ടത്തിലെ തൊഴിലാളി എന്താണ്, പുതിയ കാലഘട്ടത്തിലെ തൊഴിൽ എന്താണ്, പുതിയ കാലഘട്ടത്തിലെ വ്യവസായമെന്താണ് എന്ന് വേണ്ടത്ര മനസിലാക്കപ്പെട്ടിട്ടുണ്ടോയെന്ന് സംശയമാണ്. അത് മനസിലാക്കിയ വ്യവസായമന്ത്രിയാണ് ഇവിടെയുള്ളത്. ഇപ്പോൾ ബൂർഷ്വാസിയെന്ന് പറയുന്നത് അവരുടെ, technology of exploitation has been changed. തൊഴിലാളികളെ ചൂഷണം ചെയ്യുന്നതിന്റെ രീതി മുതലാളി വർഗ്ഗം മാറ്റിയിട്ടുണ്ട്. അതനുസരിച്ച് തൊഴിലാളി വർഗ്ഗം പ്രതിരോധരീതി, പുതിയ ഒരു സാങ്കേതിക വിദ്യ വളർത്തിയെടുത്തിട്ടില്ലായെന്നുള്ളതാണ് തൊഴിലാളിവർഗ്ഗ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കൊക്കെ സംഭവിക്കുന്ന ഏറ്റവും വലിയ പ്രശ്നം. തൊഴിൽ ചെയ്ത് ശമ്പളം വാങ്ങുന്നവരുടെ ഒരു സമൂഹമെന്നതിനുപകരം കേരളം സംരംഭകരുടെ ഒരു സമൂഹമാക്കുന്ന നയമാണ് വ്യവസായ നയത്തിലൂടെ വ്യവസായവകുപ്പ് മുന്നോട്ട് വയ്ക്കുന്നത്. ഹൈടെക്ക് മേഖല പുഷ്ടിപ്പെടുത്താൻ സഹായകരമായ രീതിയിൽ ബയോടെക്നോളജി, നാനോ ടെക്നോളജി തുട

ങ്ങിയ മേഖലകളിൽ പുതിയ പദ്ധതികൾ ആരംഭിക്കുവാൻ തീരുമാനമെടുത്തിട്ടുള്ളത് നല്ല കാര്യമാണ്. അതുപോലെ ഏറ്റവും ആവേശകരമായ സംഗതി, പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് രൂപീകരിക്കുവാനും പബ്ലിക് എന്റർപ്രൈസസിലെ നിയമനങ്ങൾ അതുവഴിയാക്കുവാനുമുള്ള ചില സൂചനകൾ ഈ വ്യവസായ നയത്തിലുണ്ട്. അതുപോലെ പ്രൊഫഷണലിസം കൊണ്ടുവരാനുള്ള ശ്രമമുണ്ട്. മോഡണൈസേഷനെന്ന് വെറുതെപറയുക മാത്രമല്ല, ഒരു വർഷത്തിനിടയിൽ പല വ്യവസായങ്ങളിലും മോഡണൈസേഷന്റെ പ്രവർത്തികൾ ആരംഭിച്ചുകഴിഞ്ഞു. അതുപോലെ കേന്ദ്രത്തിന്റെ സഹായം കേരളത്തിന് കിട്ടാൻ ആവശ്യമായ നടപടികളും ഈ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ടെന്നത് വളരെ വ്യക്തമാണ്. പത്തുവർഷം കൊണ്ട് പത്തുകോടി പേർക്ക് തൊഴിൽ കിട്ടുന്ന ഏഴ് ദേശീയ നിക്ഷേപ ഉത്പാദന മേഖലകൾ ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതി കേന്ദ്രം വിഭാവനം ചെയ്യുകയും അത് അടുത്തകാലത്ത് പ്രഖ്യാപിക്കുകയും ചെയ്തു. കേന്ദ്രഗവൺമെന്റ് ആ പദ്ധതിയിൽ ബഹുമാനപ്പെട്ട വ്യവസായവകുപ്പ് കേരളത്തേയും ഉൾപ്പെടുത്താനുള്ള പരിശ്രമങ്ങൾ നടത്തിവരുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഗുജറാത്തിലെ അഹമ്മദാബാദ്-ദോലറാ മേഖലയിൽ 900 ച.കീ.മീ., മഹാരാഷ്ട്രയിൽ 84 ച.കി.മീ, ഹരിയാനയിൽ 350 ച.കീ.മി, രാജസ്ഥാനിൽ 160 ച.കീ.മി, മധ്യപ്രദേശിൽ 370 ച.കീ.മി, ഉത്തർപ്രദേശിൽ 250 ച.കീ.മി, ഇങ്ങനെ

ചില പ്രത്യേക മേഖലകൾ തെരഞ്ഞെടുത്ത് വ്യവസായ രംഗത്ത് ഉത്പാദക നിക്ഷേപക മേഖലകളാക്കി മാറ്റിയിട്ടുണ്ട്. അതിൽ എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം മേഖലകളുൾപ്പെടുന്നതാണ്. നമ്മുടെ കൊച്ചിൻ കണ്ടെയ്നർ ടെർമിനൽ, എൽ.എൻ.ജി. ടെർമിനൽ, ഗെയിൽ ഗ്യാസ് പൈപ്പ് പദ്ധതികൾ എന്നിവയെല്ലാം ഉൾപ്പെടുത്തി വലിയ പ്രോജക്ട് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുപോലെ 18,000 കോടി രൂപയുടെ വികസനം നടക്കുന്ന കൊച്ചി റിഫൈനറി പോലുള്ള പദ്ധതികൾ വേഗത്തിലാക്കുന്നതിന് ഈ ഗവൺമെന്റ് നടത്തി വരുന്ന ശ്രമങ്ങളൊക്കെ വളരെ ശ്ലാഘനീയമാണ്. ന്യൂ ജനറേഷൻ വ്യവസായങ്ങളിലാണ് ഇനി ഏറ്റവും കൂടുതൽ തൊഴിൽ സാധ്യതയുള്ളത്. ബഹുമാനപ്പെട്ട പി.കെ. കുഞ്ഞാലിക്കുട്ടി വ്യവസായവകുപ്പ് മന്ത്രിയായിരുന്ന പഴയകാലത്ത്, മലപ്പുറത്ത് നടപ്പിലാക്കിയ അക്ഷയ പദ്ധതിയിൽ സർക്കാരിന്റെ ഒരു രൂപ പോലും ചെലവഴിക്കാതെ 25000 പേർക്ക് തൊഴിൽ നൽകുന്ന മാതൃകാപരമായ പദ്ധതിയാണ് നടപ്പിലാക്കിയത്. അത് സംസ്ഥാനതലത്തിൽ ആവിഷ്ക്കരിക്കുവാൻ സാധിക്കണം. അതിനുവേണ്ടിയുള്ള ഒരുക്കങ്ങൾ ഈ ഗവൺമെന്റ് നടത്തുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. കൃഷിയാണ് കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട വ്യവസായം. കൃഷിയെ ഒരു വ്യവസായമായി കാണുന്നതിന് വ്യവസായ വകുപ്പ് നടപടികൾ സ്വീകരിക്കണം. അതിന്റെ ഫലമായി അങ്ങനെയൊരു

ആശയം വ്യവസായ വകുപ്പിനുണ്ടെന്ന് കരുതുകയാണ്. വെജിറ്റബിളിനുവേണ്ടി ധാരാളം കോൾഡ് സ്റ്റോറേജുകൾ എല്ലാ ഗ്രാമങ്ങളിലും സ്ഥാപിക്കുകയാണെങ്കിൽ മഹാസംഭവമായി തീരും, കൃഷിക്കാരും രക്ഷപ്പെടും, വ്യാവസായിക ഉയർച്ചയും തൊഴിൽ സാധ്യതകളും ഉണ്ടാകും. തേങ്ങ നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട ഉത്പന്നമാണ്, തേങ്ങകൊണ്ട് നമുക്കറിയാവുന്ന പണി അത് വെട്ടി ഉണക്കി കൊപ്രയാക്കി ചാക്കിൽകെട്ടി കയറ്റി അയയ്ക്കുകയെന്നതാണ്. അതു ഉപയോഗിച്ച് ആയിരക്കണക്കിന് പ്രോഡക്ട്സ് ഉണ്ടാക്കാം. തേങ്ങ യുടെ ചിപ്സ്, പൊടി, പാൽ, മിഠായി തുടങ്ങിയവയെല്ലാം ഉണ്ടാക്കാം. പക്ഷേ ഒരു സംഗതിയും നമ്മൾ ഏറ്റെടുത്ത് നടത്തുന്നില്ല. ന്യൂ ജനറേ ഷൻ വ്യവസായത്തിന്റെ പദ്ധതികളുടെ ഭാഗമായി ഇത്തരം വാല്യൂ ആഡഡ് പ്രോഡക്ട്സ് ഉണ്ടാക്കുന്നതിനുള്ള നടപടികളും കൂടി സ്വീകരി ക്കേണ്ടതാണ്. അങ്ങനെയുള്ള പദ്ധതിയാണ് വ്യവസായ വകുപ്പ് കേരളത്തിൽ മുന്നോട്ട് വയ്ക്കുന്നത്. വിദ്യാഭ്യാസ രംഗം പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്താൽ എന്തായിരിക്കും സ്ഥിതി. എത്ര പുതിയ തൊഴിൽ സാദ്ധ്യതകളുണ്ടാകും. എത്ര വലിയ സംരംഭങ്ങൾ നടത്താൻ സാധിക്കും. നോട്ട്പുസ്തകങ്ങളും പാഠപുസ്തകങ്ങളും ആവശ്യമി ല്ലാത്ത കാലഘട്ടം വരും. ഐപാഡും ലാപ്ടോപ്പും പോലുള്ള സംവിധാ നങ്ങൾ മതിയാകും. അതെല്ലാം ഡിജിറ്റലൈസ് ചെയ്താൽ എത്രയോ ആളുകൾക്ക് പുതിയതായി ജോലികിട്ടുന്ന സാഹചര്യം വരും. ഇന്ത്യാഗ

വൺമെന്റ് Information Technology Investment Regions എന്നൊരു പദ്ധതി കൊണ്ടുവരുന്നുണ്ട്. അതിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് തുടങ്ങിയ മേഖലകളെ ഉൾപ്പെടുത്താനുള്ള പരിശ്രമം നടത്തിയാൽ...... ആ പദ്ധതി അമ്പതിനായിരം ഏക്കറിലാണ് ആന്ധ്രയിലും കർണാടകയിലും 2.19 ലക്ഷം കോടി രൂപ മുടക്കി നടപ്പിലാക്കാൻ ശ്രമിക്കുന്നത്. ഇവിടെ വ്യവസായവകുപ്പ് മന്ത്രി, വ്യവസായ നയത്തിൽ സ്വീകരിക്കുന്ന നിലപാടിനെ, ഐ.ടി.-യും ടൂറിസവുമാണ് കേരളത്തിന് അനുയോജ്യമായ പദ്ധതികളെന്ന് നാസ്കോം ചെയർമാൻ ശ്രീ. രാജേന്ദ്രസിംഗ് പവാർ പറഞ്ഞിട്ടുണ്ട്. ഇന്ന് വ്യവസായികൾ അനുഭവിക്കുന്ന തടസ്സങ്ങളിൽ പ്രധാനപ്പെട്ടത് ഉയർന്ന പലിശനിരക്കും അസംസ്കൃത സാധനങ്ങളുടെ വിലക്കയറ്റവും വിപണിയിലെ അനിശ്ചിതത്വവുമാണ്. അത് മാറ്റുന്നതിന് ആവശ്യമായ നടപടികൾ വേണം. ഗവൺമെന്റ് ഒരു ഫെസിലിറ്റേറ്റർ എന്ന നിലയ്ക്കുള്ള കാര്യങ്ങളാണ് ഇപ്പോൾ ചെയ്യേണ്ടത്. അതുകൊണ്ട് പഴയ വ്യവസായ കൺസെപ്റ്റ് അനുസരിച്ച് ഗവൺമെന്റിനെ വിമർശിക്കുന്നതിൽ അർത്ഥമില്ല. അതിൽ ഇടതുപക്ഷമെന്നോ വലതുപക്ഷമെന്നോ വ്യത്യാസമില്ല. നമ്മുടെ സ്റ്റേറ്റ് നന്നാകണം. അത് ആര് ചെയ്താലും നല്ല കാര്യമാണ്. ആ തരത്തിൽ പോസിറ്റീവായി കാണേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. ഫെസിലിറ്റി ഉണ്ടാക്കിക്കൊടുക്കുകയെന്ന് പറഞ്ഞാൽ uninterrupted power supply വേണം, ട്രാൻസ്പോർട്ടേഷൻ ഫെസിലിറ്റി വേണം, ഡ്രിങ്കിംഗ് വാട്ടർ വേണം,

സ്വീവേജ് സൗകര്യങ്ങൾ വേണം, എയർ റോഡ് ആന്റ് സീ കണക്ടിവിറ്റി വേണം, ഇൻവെസ്റ്റർ ഫ്രണ്ട്‌ലി ഡെസ്റ്റിനേഷൻ വേണം. ഇതിനാണ് ചൈന ശ്രമിച്ചത്. അങ്ങനെയാണ് അവർക്ക് Foreign Direct Investment (FDI) ഉണ്ടായത് അതുപോലെ ഈ ഗവൺമെന്റിന് മറ്റ് രാഷ്ട്രങ്ങളുമായി ടൈഅപ്പ് ഉണ്ടാക്കാനുള്ള ശ്രമങ്ങൾ നടത്തണം. വെസ്റ്റ് ഏഷ്യ, സൗത്ത് ഈസ്റ്റ് ഏഷ്യ, ശ്രീലങ്ക തുടങ്ങിയ പ്രദേശങ്ങളെ ഉൾപ്പെടുത്തി, ഇതര രാജ്യങ്ങളുമായി ടൈഅപ്പ് ഉണ്ടാക്കി, non-polluting eco-friendly employment oriented industry ഉണ്ടാക്കുകയെന്നതാണ് കേരളത്തിൽ ഇപ്പോൾ സ്വീകരിക്കുന്ന വ്യവസായ നയം. അത് നല്ല കാര്യ മല്ലേ. ആധുനിക കാലഘട്ടത്തിലെ വ്യവസായം അതല്ലേ. തൊഴിൽ സാധ്യതകളെ എണ്ണിത്തിട്ടപ്പെടുത്താൻ കഴിയാത്തവിധം അത്രയുമധികം തൊഴിൽ സാധ്യതകൾ ഉണ്ടാക്കാൻ സാധിക്കുന്ന തരത്തിലുള്ള വ്യവ സായ നയമാണ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. Environmentally and eco-friendly ആയ വ്യവസായമെന്ന് പറഞ്ഞാൽ...... മാലിന്യം ബഹിരാ കാശത്തുവരെ എത്തിച്ചേർന്നുവെന്ന് പറയുന്നു. ഇപ്പോൾ അമേ രിക്കപോലുള്ള രാജ്യങ്ങൾ ഇലക്ട്രോണിക് മാലിന്യങ്ങൾ റോക്കറ്റി ലാക്കി ബഹിരാകാശത്തുകൊണ്ടുപോയി തള്ളുന്ന സമ്പ്രദായം എത്രയോ കാലങ്ങളായി സ്വീകരിച്ചിട്ടുണ്ട്. നമുക്ക് അത് സാധിക്കുന്ന കാര്യമാണോ? നമ്മുടെ ടെക്നോളജിക്കൽ ഡെവലപ്പ്മെന്റും സൗകര്യ

ങ്ങളും വച്ചുകൊണ്ട് ന്യൂ ജനറേഷൻ വ്യവസായങ്ങൾക്കാണ് ഏറ്റവും വലിയ സാധ്യത ഇവിടെയുള്ളത്. അതിൽ ഹെൽത്ത്, ടൂറിസം തുടങ്ങിയവ നമുക്ക് ഉൾപ്പെടുത്താൻ സാധിക്കും. നമുക്ക് ടെക്നോപാർക്കും ഇൻഫോപാർക്കും വന്നു, സ്മാർട്ട്സിറ്റിയെ സംബന്ധിച്ച എന്റെ സ്നേഹിതൻ സഖാവ് ശ്രീ. എസ്. ശർമ്മ പറഞ്ഞു. അവിടെ മുമ്പ് റീത്ത് വച്ചിരുന്നു, ഇപ്പോൾ വയ്ക്കേണ്ട ആവശ്യമില്ല. ഇപ്പോൾ ആദ്യത്തെ പവലിയൻ ഉണ്ടാക്കി ഉദ്ഘാടനം ചെയ്തു. ഫരീദ് അബ്ദുറഹിമാൻ എത്ര തവണയാണ് കേരളത്തിൽ വന്നിട്ടുള്ളത്. അദ്ദേഹം ഇടയ്ക്കിടയ്ക്ക് കേരളത്തിൽ വരുമ്പോൾ ചീത്ത പറഞ്ഞ് ആട്ടിവിടുകയായിരുന്നില്ലേ, കള്ളുകുടിയനാണ്, കൊള്ളരുതാത്തവനാണെന്ന് പറഞ്ഞ് ഒരു മുഖ്യമന്ത്രി....... അങ്ങനെ വിദേശത്തുനിന്ന് ആരെങ്കിലും വരുമോ? ആ സാധു കൊച്ചിയിൽ എപ്പോഴും പോകുന്നതുകൊണ്ട് അവസാനം ഭാര്യവീട്ടുകാർക്ക് വരെ അദ്ദേഹത്തെ സംശയമായി. ആ ഒരു സാഹചര്യത്തിൽ സ്മാർട്ട് സിറ്റി ഇത്രയും നേരം വൈകിയിട്ട്, എപ്പോഴാണ് ഇത് തുടങ്ങിയത്? ഇപ്പോഴല്ലേ സാധിച്ചത്. ഇത് ആരുടെ തലയിൽ നിന്ന് വന്നതാണ്, എങ്ങനെ ഉണ്ടായതാണ്? ഇതെല്ലാം യു.ഡി.എഫ്. ന്റെ ശിശുക്കളാണ്. ഇൻഫോപാർക്ക്, സ്മാർട്ട് സിറ്റി, ടെക്നോപാർക്ക് തുടങ്ങിയവ. അതുപോലെ കാക്കനാട് ഇൻഫോപാർക്ക്, അവിടെ കുറുക്കൻ മേഞ്ഞുനടന്ന സ്ഥലമല്ലേ. പതിനായിരം ആളുകളെങ്കിലും ഒരു ദിവസം വന്നുപോകുന്ന സ്ഥലമായി മാറിയിട്ടുണ്ട്. ഇതാണ് ന്യൂ ജനറേഷൻ, വ്യ

വസായത്തിന്റെ ചില ഗുണങ്ങൾ അതൊക്കെ നടപ്പിലാക്കാൻ സാധിക്കണം. Uninterrupted power supply എന്നുപറയുന്ന പ്രധാനപ്പെട്ട ഘടകമുണ്ട്. അത് നമുക്ക് എങ്ങനെ കൊടുക്കാൻ കഴിയുമെന്നുള്ളത് ആലോചിക്കണം. ടൈഡൽ പവർ, വിൻഡ് പവർ, സോളാർ എനർജി ഇതൊക്കെ ഉപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള സംവിധാനങ്ങളെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. അത് വ്യവസായത്തിന് സഹായകരമാകും. വ്യവസായമെന്ന് പറഞ്ഞാൽ ഒരു വ്യവസായവകുപ്പ് മാത്രം വിചാരിച്ചാൽ ഉണ്ടാകുന്ന കാര്യമല്ല. അതിന് ജലസേചന വകുപ്പിന്റേയും ധനകാര്യവകുപ്പിന്റേയും പൊതുമരാമത്ത് വകുപ്പിന്റേയും വൈദ്യുതി വകുപ്പിന്റേയും ഒക്കെ സഹായം വേണം. അങ്ങനെയുള്ള എല്ലാ ഫെസിലിറ്റിയും ഒരുമിച്ച് വരുമ്പോൾ മാത്രമേ വ്യവസായം ഒറിജിനേറ്റ് ചെയ്യുകയുള്ളൂ. അല്ലാതെ ആരെങ്കിലുമൊന്ന് വിചാരിച്ചാൽ വ്യവസായം കൊണ്ടുവരാൻ സാധിക്കില്ല. ന്യൂക്ലിയർ പവറിൽ വൈദ്യുതി നമുക്ക് ഉപയോഗിക്കാൻ സാധിക്കില്ല. ന്യൂക്ലിയർ പവറിൽ വലിയ മാലിന്യങ്ങളാണ്. ന്യൂക്ലിയർ പവറിന്റെ സ്റ്റേഷൻ ഉണ്ടാക്കുമ്പോൾ ആ മാലിന്യങ്ങളെ സംസ്ക്കരിക്കുന്നതിന് ഇന്ന് ലോകത്ത് ലഭ്യമായുള്ള ഏറ്റവും മുന്തിയ ശാസ്ത്രീയ സംവിധാനമെന്ന് പറഞ്ഞാൽ ഭൂമിക്കടിയിൽ വളരെ ആഴത്തിൽ കുഴിയെടുത്ത് ഇരുമ്പ് കമ്പിയും കോൺക്രീറ്റും ഉപയോഗിച്ച് വലിയ സംഭരണി ഉണ്ടാക്കി മാലിന്യം അതിൽ നിക്ഷേപിക്കുകയാണ്. അതിനുശേഷം മൂടിവയ്ക്കുകയാണ്. അങ്ങനെ മനുഷ്യൻ

ഉണ്ടാക്കുന്ന മാലിന്യ സംഭരണികളുടെ ആയുസ് മാക്സിമം രണ്ടായിരം കൊല്ലമാണ്. പക്ഷേ അതിനകത്ത് നിക്ഷേപിക്കപ്പെടുന്ന ആണവ മാലിന്യങ്ങളുടെ വികരണ ശേഷി ഇരുപത്തിനാലായിരം കൊല്ലമാണ്. പിന്നെ എങ്ങനെയാണ് ആ വഴിക്ക് പോകുന്നത്. 66 ശതനമാനം തെർമൽ പവറാണ് നമ്മൾ ഉപയോഗിക്കുന്നത്. അതും വളരെ പൊല്യൂഷൻ ഉണ്ടാക്കുന്ന സംഭവമാണ്. അതുകൊണ്ട് ടൈഡൽ പവർ, വിൻഡ് സോളാർ എൻർജിയൊക്കെ ഉപയോഗിക്കേണ്ടിവരും. യു.എ.ഇ-യിൽ 600 കി.മീ മാത്രമേ കടലുളളൂ. നമുക്കുമുണ്ട് 600 കി.മീ കടൽ. അവരുടെ 600 കി.മീ കടൽത്തീരം ഉപയോഗിച്ച് ഡീസലൈനേഷൻ പ്രോസസ്സിലൂടെ കുടിവെള്ളം ഉണ്ടാക്കുന്നു, ടൈഡൽ പവർ കൊണ്ട് കറന്റ് ഉണ്ടാക്കുന്നു. നമുക്ക് നെത്തോലി പിടിക്കാമെന്നല്ലാതെ ഈ 600 കി.മീ കടലുകൊണ്ട് നമ്മൾ വേറെയൊരു ആവശ്യത്തിനും ഉപയോഗിക്കുന്നില്ല. ഇതൊക്കെ നമ്മൾ ആലോചിക്കണ്ടേ. അതൊക്കെ രാഷ്ട്രീയമായ കാരണങ്ങളൊന്നുമല്ല. ശ്രീ. എ.കെ. ബാലൻ വൈദ്യുതി വകുപ്പുമന്ത്രിയായിരുന്നപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി ഒന്നര കോടി സി.എഫ്. ലാമ്പ് വിതരണം ചെയ്തു. കറന്റിന് ആദായം കിട്ടാൻ വേണ്ടി. മെർക്കുറിയെന്ന് പറഞ്ഞാൽ......... ശ്രീ. എ.കെ. ബാലൻ എല്ലായിടത്തും ഇടപെടല്ലേ. സമയമില്ല. എന്റെ സമയം കഴിഞ്ഞു. ......ഞാൻ അവസാനം വഴങ്ങാം.

ശ്രീ. എ.കെ. ബാലൻ: സർ, കേന്ദ്രത്തിൽ നിന്ന് പത്തുപൈസ പോലും കിട്ടിയിട്ടില്ല.

ശ്രീ. കെ.എൻ.എ. ഖാദർ: ഇരിക്ക്... കുഴപ്പമില്ല. ആരുതന്നു എനിക്കറിയില്ല. റെക്കോർഡ് അനുസരിച്ച് ശരിയാണ്. കേന്ദ്രഗവൺമെന്റ് സഹായമാണോ കേരളഗവൺമെന്റ് സഹായമാണോ എന്നൊന്നും ഞാനിപ്പോൾ പരിശോധിക്കാൻ പോകുന്നില്ല. ഞാനിപ്പോൾ വ്യവസായ ത്തെക്കുറിച്ചാണ് പറയുന്നത്. എന്തായാലും ഒന്നരക്കോടി സി.എഫ്. ലാംപ് നമ്മുടെ നാട്ടിൽ കൊടുത്തിട്ടുണ്ട്. അത് ആര് കൊടുത്തതാണ് എന്നെനിക്കറിയില്ല. കോംപാക്ട് ഫ്ളൂറസെന്റ് ലാംപ് ഉണ്ടാക്കുന്ന മെർക്കുറി കൊണ്ടാണ് ഉണ്ടാക്കുന്നത്. ഒരു ഗ്രാം മെർക്കുറി കൊണ്ട് 25000 ഏക്കർ സ്ഥലത്തെ തടാകം മലിനമാകും. മുക്കാൽ ഗ്രാം മെർക്കുറി ഉണ്ടായാൽ ഒരു ഏക്കർ സ്ഥലം തരിശ്ശുനിലമാകും. അത്രയ്ക്കും മാരകമായ വിഷമാണ്. ആറായിരം മണിക്കൂറാണ് ഒരു ബൾബിന്റെ ആയുസ്. അതിനർത്ഥം രണ്ടുകൊല്ലം കഴിയുമ്പോൾ ഈ ഒന്നരക്കോടി ബൾബും ഫ്യൂസാകും. അത് കേരളത്തിൽ ആകെ വലിച്ചെ റിഞ്ഞാൽ അതുകൊണ്ടുണ്ടാകുന്ന പൊല്യൂഷൻ എത്രയാണ്? അങ്ങനെ യൊന്നും എനർജി നമുക്ക് സേവ് ചെയ്യാൻ സാധിക്കയില്ല. ഇപ്പോൾ ലോകത്തുവന്ന മാറ്റങ്ങൾ മനസ്സിലാക്കിയിട്ടാണ് വ്യവസായ വകുപ്പു മന്ത്രി ഈ പുതിയ നയം സ്വീകരിച്ചിട്ടുള്ളതെന്ന് ഞാൻ കരുതുന്നു. കേര ളത്തിന്റെ മാത്രം തനതായ പ്രോഡക്ട്സുണ്ട്. നമുക്കറിയാം ചേന്ദമം

ഗലം, കണ്ണൂർ, ബാലരാമപുരം അവിടെയൊക്കെയുള്ള കൈത്തറി ഉപയോഗിച്ച് ബ്രാൻഡഡ് ആയിട്ടുള്ള സാധനങ്ങളുണ്ടാക്കാൻ കേരളം ശ്രമിച്ചാൽ ലോകത്തിൽ ഇത്രയും മനോഹരമായ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്ന ഒരു സ്ഥലം വേറെയുണ്ടാകില്ല. ബ്രാൻഡഡ് സംഗതികൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യാനും കയറ്റുമതി ചെയ്യാനും സാധിക്കുന്ന ഒരു സ്ഥിതി വരണം. ഇപ്പോഴത്തെ പുതിയ വ്യവസായ രംഗം എന്നുപറഞ്ഞാൽ അമേരിക്കയിൽ അവരുടെ ഫുഡ് പ്രോഡക്ട്സിന്റെ wrapper, ഭക്ഷണപദാർത്ഥങ്ങൾ പൊതിഞ്ഞുവരുന്ന പായ്ക്കേജുമാത്രം 70 ദശലക്ഷം ടൺ മാലിന്യം ഒരു വർഷം ഉണ്ടാക്കുന്നു. അത് അവർ എങ്ങനെയാണ് കളയാൻ തീരുമാനിച്ചത് എന്നറിയാമോ? അതൊക്കെയാണ് നമ്മൾ ആലോചിക്കേണ്ടത്. ആ വേസ്റ്റ് എവിടെയും കൊണ്ടുപോയി കളയാൻ അല്ല അവർ തീരുമാനിച്ചത്. വേസ്റ്റ് എവിടെയും കൊണ്ടുപോയി സംസ്കരിക്കുകയല്ല. ആ ഫുഡ് പായ്ക്ക് ചെയ്യുന്ന സാധനം തിന്നാവുന്ന സാധനമാക്കി മാറ്റുകയാണ്. അത് സൊല്യൂബിളും എഡിബിളും ആക്കുക. അതും ഭക്ഷിക്കാൻ പറ്റുന്ന സാധനം കൊണ്ടു പൊതിയുക. എന്നാൽ പിന്നെ അതുംകൂടി കഴിച്ചാൽ ഒരു സാധനവും ബാക്കിയാകില്ല. എത്ര മനോഹരമായ ഐഡിയ ആണ്. അതുകൊണ്ട് അവർ സോല്യൂബിളും എഡിബിളും ആയിട്ടുള്ള അതിൽ ചില ഫ്ളേവറുകളും രുചിയും ചേർക്കുകയാണ്. അങ്ങനെ ഭക്ഷ്യപദാർത്ഥങ്ങളുടെ പായ്ക്കേജ് തിന്നാവുന്ന സാധനമാക്കുക വഴി 70 ലക്ഷം ടൺ മാലിന്യമാണ് സംസ്കരിക്ക

പ്പെടുന്നത്. എങ്ങനെയാണ്; മനുഷ്യൻതന്നെ തിന്ന് സംസ്കരിക്കുകയാണ്. അതുപോലെയുള്ള പുതിയ പുതിയ ടെക്നോളജികൾ വരുന്ന കാലത്ത് ന്യൂജനറേഷനുമായി ബന്ധപ്പെട്ട കാര്യങ്ങളല്ലേ ഒരു വ്യവസായ മന്ത്രി പറയേണ്ടത്? അതല്ലേ ഇവിടെ പറഞ്ഞിട്ടുള്ളത്? പഴയ രീതിയിൽ അളന്നാൽപറ്റുമോ? ഏതോ കാലത്തുണ്ടായിട്ടുള്ള സംഭവങ്ങളും അന്നത്തെ കൺസെപ്റ്റും വച്ചാൽപറ്റുമോ? നമ്മുടെ കേരളത്തിൽ ഇരുമ്പ് അയിര് ഉണ്ട്. സ്വർണ്ണം ഉണ്ട്. നിലമ്പൂരൊക്കെ സ്വർണ്ണം കുഴിച്ചെടുക്കുന്ന സ്ഥലമാണ്. അതുപോലെ ഇരുമ്പ് അയിര്.......

<u>മി.ചെയർമാൻ</u>: പ്ലീസ്.... കൺക്ലൂഡ്.

<u>ശ്രീ. കെ.എൻ.എ. ഖാദർ:</u> Sir, I am going to conclude. നേരത്തേ ശ്രീ. എളമരം കരീം മന്ത്രിയായിരുന്ന സമയത്ത് അദ്ദേഹം ചെറൂപ്പ, എലിചെട്ടിമല, നന്മണ്ട, നെടുവണ്ണൂർ, ആലമ്പാറ തുടങ്ങിയ കോഴിക്കോട് ജില്ലയിലെ സ്ഥലങ്ങളിലും അതുപോലെ കൊരട്ടിമല, മലപ്പുറം ഇവിടെ മുപ്പത് വർഷത്തേയ്ക്ക് മുപ്പതിനായിരം കോടിരൂപയുടെ ഇരുമ്പ് അയിര് ഖനനം കർണ്ണാടകത്തിലെ സ്വകാര്യ കമ്പനിക്ക് കൊടുത്തു. 79 ദശലക്ഷം ടൺ........

<u>മി. ചെയർമാൻ</u>: അങ്ങ് ആറ് മിനിറ്റ് കൂടുതലെടുത്തിരിക്കുകയാണ്. പ്ലീസ് കൺക്ലൂഡ്, പ്ലീസ്........

<u>ശ്രീ. കെ.എൻ.എ. ഖാദർ:</u> സർ, ഇത് ഇരുമ്പിന്റെ കാര്യമായതുകൊണ്ട് കുറച്ച് ശക്തിയേറും അതുകൊണ്ടാണ്. 241 ഹെക്ടറിന് ഈ സം

സ്ഥാനത്തിന് റോയൽറ്റി കിട്ടും. ആ ഖനന പദ്ധതികൾ ആർക്കു കൊടുത്തു എന്നല്ല. ആ ഖനനം ഉപയോഗിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഇതുപോലെ ഈ മാർഗ്ഗങ്ങളെല്ലാം ഉപയോഗിച്ചുകൊണ്ട് കേരള സംസ്ഥാനത്തിന്റെ വ്യവസായരംഗത്ത് അത്യുന്നതമായ ഒരു മാറ്റം വരുത്താൻവേണ്ടി പുതിയ ഒരു വ്യവസായ രീതിയിലേയ്ക്ക് കേരളത്തെ കൊണ്ടുപോകാൻ ശ്രമിക്കുന്ന ഈ വ്യവസായവകുപ്പിന്റെ ധനാഭ്യർത്ഥനകളെ പൂർണ്ണമായി അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.